# LAITY VOICE



Syro Malabar Major Archiepiscopical Church
Commission for Laity

FEBRUARY 2012
Volume: 2 No: 7


## അല്മായശക്തീകരണത്തിന് സീറോ മലബാർ സിനഡിന്റെ ആഹ്വാനം



സീറോ മലബാർ സഭയുടെ സിനഡ് കാക്കനാട്ടുള്ള മൗണ്ട് സെന്റ് തോമസിൽ 2012 ജനുവരി 9 മുതൽ 13 വരെ സമ്മേളിച്ചു. മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സിനഡിൽ 43 മെത്രാന്മാർ സംബന്ധിച്ചു. പൗരസ്ത്യ തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ കർദ്ദിനാൾ ലെയനാർദോ സാന്ദ്രി സിനഡിൽ അഭിവന്ദ്യ പിതാക്കന്മാരെ അഭിസംബോധന ചെയ്യുകയുണ്ടായി. സീറോ മലബാർ സഭയുടെ വളർച്ചയെയും പ്രേഷിതരംഗത്തെ ശുശ്രൂഷകളെയും അദ്ദേഹം പ്രത്യേകം എടുത്തുപറഞ്ഞ് അഭിനന്ദിച്ചു. മൗണ്ട് സെന്റ് തോമസിലെ ആസ്ഥാന മന്ദിരത്തോടനുബന്ധിച്ച് പണിതീർത്ത പുതിയ ബ്ലോക്കിന്റെ ആശീർവാദം കർദിനാൾ പ്രീഫക്ട് നിർവഹിച്ചു.

ഒരാഴ്ചക്കാലം നീണ്ടുനിന്ന സിനഡിൽ പ്രധാനമായും ചർച്ചചെയ്തത് അൽമായ ശാക്തീകരണവും, സെമിനാരി പരിശീലനവും, പ്രേഷിതവർഷത്തിന്റെ സമാപനവും, വത്തി

(ശേഷം അടുത്ത പേജിൽ....)

### 2012 ഫെബ്രുവരി 18

### മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരിയുടെ കർദ്ദിനാൾ സ്ഥാനാരോഹണം

# ലോകം റോമിലേയ്ക്ക്

**സീറോ മലബാർ സഭയ്ക്ക് അഭിമാന മുഹൂർത്തം**

**കേരളത്തിൽ നിന്നും വിവിധ രാജ്യങ്ങളിൽ നിന്നും അല്മായ പ്രതിനിധികൾ ചടങ്ങിൽ പങ്കെടുക്കും**

**ഭക്തിനിർഭരമായ നിമിഷങ്ങൾ ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമാകും**

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരിയെ ബനഡിക്ട് പതിനാറാമൻ മാർപാപ്പ കർദ്ദിനാൾ പദവിയിലേക്ക് ഉയർത്തി. ക്രിസ്തുമസ്സ് ആഘോഷങ്ങളുടെ പരിസമാപ്തി കുറിക്കുന്ന പ്രത്യക്ഷീകരണ തിരുനാളിലെ ( ദനഹാത്തിരുനാൾ, ജനുവരി 6 ) മധ്യാഹ്ന ജപവേളയിലാണ് മാർപ്പാപ്പ 22 നിയുക്ത കർദ്ദിനാൾമാരുടെ പേരുകൾ പ്രഖ്യാപിച്ചത്. ഫെബ്രുവരി 18 നു വത്തിക്കാനിൽ നടക്കുന്ന കൺസിസ്റ്ററിയിലാണ് കർദ്ദിനാളന്മാരുടെ ഔദ്യോഗിക സ്ഥാനാരോഹണം. മാർപ്പാപ്പാമാരെ തിരഞ്ഞെടുക്കുന്ന കോൺക്ലേവിൽ പങ്കെടുക്കാൻ കർദ്ദിനാൾമാർക്ക് മാത്രമേ സാധിക്കൂ.

ഏഷ്യയിൽ നിന്ന് മാർ ജോർജ്ജ് ആലഞ്ചേരിക്കു പുറമേ ചൈനയുടെ ഭാഗമായ ഹോങ്കോംഗിലെ ബിഷപ്പ് ജോൺ ടോംഗ് ഹോൻ മാത്രമേയുള്ളൂ. പൗരസ്ത്യ സഭകളിൽ നിന്ന് ആലഞ്ചേരി പിതാവിനെ കൂടാതെ റുമേനിയൻ കത്തോലിക്കാ സഭയുടെ മേജർ ആർച്ചുബിഷപ്പ് ലുചിയാൻ മുറേമ്പനും ഉണ്ട്. ഇപ്പോൾ 192 കർദ്ദിനാൾമാരാണ് ഉള്ളത്. 22 പേർ കൂടിയാകുമ്പോൾ 214 പേരാകും. ആകെയുള്ള 214 കർദ്ദിനാൾമാരിൽ 125 പേർ 80 വയസ്സിൽ താഴെയുള്ളവരും മാർപ്പാപ്പയെ തിരഞ്ഞെടുക്കുന്ന കോൺക്ലേവിൽ സംബന്ധിക്കാൻ യോഗ്യരുമാണ്. എന്നാൽ കോൺക്ലേവിൽ സംബന്ധിക്കുന്നവരുടെ എണ്ണം 120 ൽ കൂടാൻ പാടില്ല എന്നാണ് പോൾ ആറാമൻ മാർപാപ്പയുടെ കാലത്തുനടപ്പിലാക്കിയ വ്യവസ്ഥ. 5 പേർ കൂടി 2012 ജൂലൈ 26- ഓടെ 80 വയസ്സ് പൂർത്തിയായി വോട്ടവകാശമുള്ളവരുടെ പട്ടികയിൽ നിന്ന് പുറത്താകുന്നതോടെ എണ്ണം 120 ആയി കുറയും.

സീറോ മലബാർ സഭയിലെ ആദ്യത്തെ കർദ്ദിനാൾ എറണാകുളം അതിരൂപതയുടെ മെത്രാപ്പോലീത്തയായിരുന്ന കാർഡിനൽ ജോസഫ് പാറേക്കാട്ടിലായിരുന്നു. അതിനു ശേഷം സീറോ മലബാർ സഭയുടെ ആദ്യത്തെ മേജർ ആർച്ചുബിഷപ്പ് മാർ ആന്റണി പടിയറ, കാർഡിനൽ മാർ വർക്കി വിതയത്തിൽ എന്നിവരും മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരിയും ഉൾപ്പെടെ നാല് കർദ്ദിനാൾമാരെ സീറോ മലബാർ സഭയ്ക്ക് ലഭിച്ചിട്ടുണ്ട്. കർദ്ദിനാൾ പദവി ഭാരതസഭയ്ക്കും കേരളസഭയ്ക്കും സീറോ മലബാർ സഭയ്ക്കും ഒരുപോലെ അഭിമാനമാണ്.



### കർദ്ദിനാൾ സ്ഥാനാരോഹണം അല്മായ സാന്നിധ്യം റോമിൽ

മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ കർദ്ദിനാൾ സ്ഥാനാരോഹണ ചടങ്ങുകൾക്ക് സാക്ഷികളാകുവാൻ സഭയിലെ അല്മായ പ്രതിനിധികൾ റോമിലേയ്ക്ക്. സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി. സെബാസ്റ്റ്യൻ, കെസിബിസി അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.ജോസ് വിതയത്തിൽ എന്നിവരുടെ നേതൃത്വത്തിൽ വിവിധ രാജ്യങ്ങളിലെ അല്മായപ്രതിനിധികൾ റോമിലെത്താനുള്ള ഒരുക്കത്തിലാണ്. ക്രമീകരണങ്ങൾ പൂർത്തിയാവുന്നു.

ഒന്നാം പേജ് തുടർച്ച.....

ഒന്നാം പേജ് തുടർച്ച.....

## അല്മായശാക്തീകരണത്തിന് ............

ക്കാൻ സൂനഹദോസ്സിന്റെ സുവർണ്ണ ജൂബിലി യാഘോഷവുമായിരുന്നു. അൽമായ ശാക്തീകരണത്തിന്റെ ഭാഗമായി രൂപീകരിക്കുന്ന വനിതാ ഫോറത്തിനും യുവജന ശുശ്രൂഷകൾക്കും പരിശുദ്ധ സൂനഹദോസ്സ് അംഗീകാരം നൽകി. 1887ൽ സ്ഥാപിതമായ തൃശൂർ, കോട്ടയം വികാരിയാത്തുകൾ സീറോ മലബാർ സഭയുടെ ആധുനിക ചരിത്രത്തിൽ നിർണ്ണായക വഴിതിരിവിന് കാരണമായി എന്ന് സിനഡ് വിലയിരുത്തി. സീറോ മലബാർ സഭയുടെ പ്രേഷിത വർഷാചരണത്തിന്റെ ഭാഗമായി 2012 ആഗസ്റ്റിൽ എല്ലാ പിതാക്കന്മാരും ചേർന്ന് മാന്നാനത്ത് വാഴ്ത്തപ്പെട്ട ചാവറ കുരിയാക്കോസ് ഏലിയാസച്ചന്റെ കബറിടത്തിൽ വി. കുർബാന അർപ്പിക്കാൻ സിനഡ് തീരുമാനിച്ചു. സീറോ മലബാർ സഭയുടെ പ്രേഷിതവർഷാചരണം 2012 നവംബറിൽ ഡൽഹിയിൽവച്ച് സമാപിപ്പിക്കുവാൻ തീരുമാനമായി.

സീറോ മലബാർ സഭയിലെ വൈദീക പരിശീലനത്തെ സംബന്ധിച്ച് സിനഡ് വളരെ ഗൗരവപൂർവ്വം വിചിന്തനം ചെയ്യുകയുണ്ടായി.

> സീറോ മലബാർ സഭയിലെ അൽമായരുടെ നേതൃത്വത്തിൽ കാൻസർ പ്രതിരോധത്തി നും, കാൻസർ ബാധിതരായവരുടെ പരിചരണത്തിനുമായി സമാരംഭിക്കുന്ന ശുശ്രൂഷകളിൽ സിനഡ് പിതാക്കന്മാർ സംതൃപ്തി രേഖപ്പെടുത്തി. ഇത്തരത്തിലുള്ള ശുശ്രൂഷകൾക്ക് അൽമായരെ കൂടുതൽ ശക്തീകരിക്കുവാൻ കമ്മീഷനോട് പിതാക്കന്മാർ ആഹ്വാനം ചെയ്തു.

കാലഘട്ടത്തിന്റെ വെല്ലുവിളികൾക്കനുയോജ്യമായി പരിശീലനത്തെ കാലോചിതമായി പരിഷ്കരിക്കുവാൻ ആവശ്യമായ നടപടികൾ സിനഡ് പരിഗണിച്ചു. വത്തിക്കാൻ സൂനഹദോസ്സ് ഉദ്ഘാടനം ചെയ്തിട്ട് 50 വർഷം പൂർത്തിയാകുന്ന അവസരം പ്രമാണിച്ച് വത്തിക്കാൻ കൗൺസി ലിന്റെ പഠനങ്ങൾ എത്രമാത്രം സഭയിൽ പ്രായോഗികമാക്കുവാൻ സാധിച്ചിട്ടുണ്ടെന്നതിനെക്കുറിച്ച് ഗൗരവപൂർവ്വകമായ ഗവേഷണ പഠനം നടത്തുവാൻ സിനഡ് നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു. മേജർ ആർച്ച്ബിഷപ്പിനെ കർദ്ദിനാൾ പദവിയിലേക്ക് ഉയർത്തിയതിൽ സീറോ മലബാർ സിനഡ് സഭ അദ്ദേഹത്തെ അഭിനന്ദിക്കുകയും ബനഡിക്ട് പതിനാറാമൻ മാർപാപ്പയെ കൃതജ്ഞത അറിയിക്കുകയും ചെയ്തു.

## ബാംഗ്ലൂരിൽ സീറോ മലബാർ സഭ അല്മായ നേതൃസമ്മേളനവും നിയുക്ത കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിക്ക് സ്വീകരണവും

### ഫെബ്രുവരി നാലിന്

ബാംഗ്ലൂർ: സീറോ മലബാർ സഭ കർണ്ണാടക റീജിയണൽ അല്മായ നേതൃസമ്മേളനവും നിയുക്ത കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിക്ക് സ്വീകരണവും ബാംഗ്ലൂരിൽ ഫെബ്രുവരി നാലിന് നടക്കും. കർണ്ണാടകത്തിലെ വിവിധ സീറോ മലബാർ രൂപതകളിൽ നിന്നും മിഷൻ കേന്ദ്രങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾക്കു പുറമെ, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നുമുള്ള അല്മായ പ്രതിനിധികൾ ഉൾപ്പെടെ 1200 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും.

ബാംഗ്ലൂർ സെന്റ് തോമസ് ഫൊറോന ചർച്ച് ഓഡിറ്റോറിയത്തിൽ ഫെബ്രുവരി നാല് ശനിയാഴ്ച പത്ത് മണിക്ക് സമ്മേളനം ആരംഭിക്കുന്നതും സീറോ മലബാർ സഭ അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കൽ അധ്യക്ഷത വഹിക്കുന്നതുമായിരിക്കും. നിയുക്ത കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി സമ്മേളനം ഉദ്ഘാടനം ചെയ്യും. മാർ മാത്യു ആനിക്കുഴിക്കാട്ടിൽ, മാർ ലോറൻസ് മുക്കുഴി, മാർ ജോസഫ് എരുമച്ചാടത്ത്, മാർ ജോർജ് ഞരളക്കാട്ട്, സീറോ മലബാർ മിഷൻ ബാംഗ്ലൂർ കോർഡിനേറ്റർ റവ.ഡോ.മാത്യു കോയിക്കര എന്നിവർ പ്രസംഗിക്കും.

സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യൻ മുഖ്യ പ്രഭാഷണം നടത്തും. ധർമ്മാരാം വിദ്യാക്ഷേത്രം പ്രസിഡന്റ് റവ.ഡോ.ഫ്രാൻസീസ് തോണിപ്പാറ, ധർമ്മാരാം റെക്ടർ റവ.ഡോ.തോമസ് ഐക്കര, റവ.ഡോ.ചെറിയാൻ തുണ്ടുപറമ്പിൽ, റവ.ഫാ.സിബി കൈതാരൻ (ഹൈദ്രാബാദ്), ബാംഗ്ലൂർ സീറോ മലബാർ ലെയ്റ്റി കോർഡിനേറ്റർ കെ.പി.ചാക്കപ്പൻ എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും. ലോക കാൻസർ ദിനത്തോടനുബന്ധിച്ച് അന്നേദിവസം പ്രതിനിധികൾ 'കാൻസറിനെതിരെ പോരാട്ടം' പ്രതിജ്ഞയെടുക്കും.

ഫെബ്രുവരി 5-ാം തീയതി വൈകിട്ട് 6ന് ബാംഗ്ലൂർ ലെയ്റ്റി സെന്ററിന്റെ നേതൃത്വത്തിൽ ബാംഗ്ലൂരിലെ വിദ്യാഭ്യാസ, ആരോഗ്യ, വ്യവസായിക തലങ്ങളുൾപ്പെടെ വിവിധ മേഖലകളിലെ സംരംഭകരും സാരഥികളുമായ സഭയിലെ അല്മായരുടെ സമ്മേളനം ചേരുന്നു.

# Syro Malabar Mission Year

## നാഷണൽ ഇന്റർ സെമിനാരി മിഷൻ ക്വിസ്

വടവാതൂർ: സീറോ മലബാർ പ്രേഷിതവർഷത്തോടനുബന്ധിച്ച് മിഷൻ ആനിമേഷൻ കമ്മറ്റി സംഘടിപ്പിക്കുന്ന നാഷണൽ ഇന്റർ സെമിനാരി മിഷൻ ക്വിസ് ഫെബ്രുവരി 9ന് വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നു. ഇന്ത്യയിലെ വിവിധ സീറോ മലബാർ മേജർ സെമിനാരികളിൽ നിന്നുള്ള ടീമുകൾ പങ്കെടുക്കുന്ന ഈ ക്വിസ് മിഷൻ വിജ്ഞാനീയത്തിലുള്ള വൈദിക വിദ്യാർത്ഥികളുടെ ആഴമായ അറിവിനെ തുറന്നുകാട്ടുന്നതായിരിക്കും. സഭയുടെ മിഷൻ പ്രവർത്തനത്തെക്കുറിച്ചുള്ള അറിവും സ്നേഹവും ഭാവിവൈദികരിൽ നിവേശിപ്പിക്കുകയാണ് ഈ ക്വിസിന്റ ലക്ഷ്യം. സീറോ മലബാർ സഭയുടെ പ്രേഷിതമുന്നണിയായ സെന്റ് തോമസ് മിഷനറി സൊസൈറ്റിയിലെ വൈദികരാണ് ഈ ക്വിസിന് നേതൃത്വം കൊടുക്കുന്നത്. സുവർണ്ണജൂബിലിയുടെ നിറവിൽ വിളങ്ങി നിൽക്കുന്ന ധാരാളം സീറോ മലബാർ മിഷനറി മാർക്ക് ജന്മംനൽകിയ വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയാണ് മിഷൻ ക്വിസിന് ആതിഥേയമരുളുന്നത്. അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവ് തന്റെ സാന്നിധ്യത്താലും അനുഗ്രഹവചസുകളാലും ഈ പ്രേഷിതസംരംഭത്തിന് മാറ്റുകൂട്ടും. പ്രേഷിതവർഷത്തോടനുബന്ധിച്ച് സീറോ മലബാർ പ്രേഷിതപ്രവാസി കാര്യാലയം പ്രസിദ്ധീകരിച്ച Be My Witness എന്ന സഹായകഗ്രന്ഥത്തെ ആസ്പദമാക്കിയ മൾട്ടിമീഡിയ മിഷൻ ക്വിസാണ് സംഘടിപ്പിക്കപ്പെടുന്നത്. മേരിമാതാ മേജർ സെമിനാരി തൃശൂർ, ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരി കുന്നോത്ത്, കാൽവരി ഫിലോസഫിക്കൽ കോളജ് തൃശൂർ, സെന്റ് എഫ്രേംസ് തിയോളജിക്കൽ കോളജ് സാത്ന, സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി വടവാതൂർ, റൂഹാലയ മേജർ സെമിനാരി ഉജ്ജയിൻ, സെന്റ് തോമസ് പൊന്തിഫിക്കൽ സെമിനാരി ആലുവ, ലിറ്റിൽ ഫ്ളവർ സെമിനാരി ആലുവ, ധർമ്മാരാം കോളജ് ബാംഗ്ലൂർ, സനാതനസെമിനാരി താമരശ്ശേരി തുടങ്ങിയ ടീമുകൾ പങ്കെടുക്കും.

ആരും കുറ്റം പറയാത്തവിധം നിർദ്ദോഷമായ സംസാരരീതി പ്രകടമാക്കുക. (തീത്തോ.2:7)

# കേന്ദ്ര മന്ത്രി കെ.സി. വേണുഗോപാൽ മാർ മാത്യു അറയ്ക്കലിനെ സന്ദർശിച്ചു



*കേന്ദ്ര ഊർജ്ജവകുപ്പ് സഹമന്ത്രി കെ.സി.വേണുഗോപാൽ കാഞ്ഞിരപ്പള്ളി രൂപതാ ആസ്ഥാനത്ത് ബിഷപ് മാർ മാത്യു അറയ്ക്കലിനെ സന്ദർശിക്കുന്നു. ആന്റോ ആന്റണി എംപി, സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യൻ എന്നിവർ സമീപം.*

കാഞ്ഞിരപ്പള്ളി: കേന്ദ്ര ഊർജ്ജവകുപ്പ് സഹമന്ത്രി കെ.സി.വേണുഗോപാൽ കാഞ്ഞിരപ്പള്ളി രൂപതാ ആസ്ഥാനത്ത് ബിഷപ് മാർ മാത്യു അറയ്ക്കലിനെ സന്ദർശിച്ചു. വിദ്യാഭ്യാസ, ആരോഗ്യ, ആതുരശുശ്രൂഷാ രംഗങ്ങളിൽ രൂപത നടത്തുന്ന വിശിഷ്ടസേവനങ്ങൾ രാജ്യത്തിന് അഭിമാനമേകുന്നുവെന്ന് മന്ത്രി വേണുഗോപാൽ സൂചിപ്പിച്ചു. ആന്റോ ആന്റണി എംപി, സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യൻ, ഇന്ത്യൻ കാത്തലിക് യൂത്ത് മൂവ്മെന്റ് (ഐസിവൈഎം)ജനറൽ സെക്രട്ടറി ജോയിസ് മേരി എന്നിവർ സന്നിഹിതരായിരുന്നു.

## ക്രൈസ്തവസഭാ നിയമങ്ങളെ ആക്ഷേപിക്കുവാൻ ശ്രമിക്കണ്ട: സീറോ മലബാർ സഭ അല്മായ കമ്മീഷൻ

കൊച്ചി: വിവിധ രാജ്യങ്ങളിൽ ക്രൈസ്തവ സഭാ സംവിധാനത്തിൽ നിലനിൽക്കുന്ന സഭാ നിയമങ്ങളെ ആക്ഷേപിച്ചും അവഹേളിച്ചും നേട്ടം കൊയ്യാൻ ആരും ശ്രമിക്കേണ്ടന്ന് സീറോ മലബാർ സഭ അല്മായ കമ്മീഷൻ.

സഭാനിയമത്തിലെ കുടുംബക്കോടതികൾ പുതിയ നിയമവും സംവിധാനവുമല്ല. നൂറ്റാണ്ടുകളായുള്ള ക്രൈസ്തവസഭാ സംവിധാനത്തിന്റെ ഭാഗമാണ്. ഇതിന്റെ പേരിൽ ഉന്നതരായ നിയമജ്ഞരെയും വ്യക്തിത്വങ്ങളെയും അവഹേളിക്കുവാൻ ശ്രമിക്കുന്നത് മാന്യതയല്ല. സഭാനിയമങ്ങളെക്കുറിച്ചും സഭയിലെ കുടുംബക്കോടതികളെക്കുറിച്ചും പഠിക്കാത്തവരും അറിവില്ലാത്തവരും നടത്തുന്ന വാഗ്വാദങ്ങളും പ്രസ്താവനകളും പൊതുസമൂഹം മുഖവിലയ്ക്കെടുക്കുകയില്ലെന്ന് അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ വി.സി.സെബാസ്റ്റ്യൻ സൂചിപ്പിച്ചു.

## Syro Malabar Community Qatar Celebrated "Thiruppiravi 2011"





The Syro Malabar Community in Qatar celebrated Thiruppiravi 2011 at Al Ghazal Club auditorium on January 13. Ambassador of India in Qatar Mrs. Deepa Gopalan Wadhwa was the chief guest at the function.

It is the 23rd annual Thiruppiravi cultural celebrations of the community in Qatar. Every year the community celebrates this grand cultural programme under the Syro Malabar Cultural Association, an organization of Syro Malabar Community here. The three hour long glittering cultural programme included skits, songs, and dance and poetry rendition. The mind boggling performance regaled the entire audience packed to its full capacity in the auditorium.

In her inaugural speech, Indian Ambassador in Qatar Mrs. Deepa Gopalan Wadhwa commented SMCA for organizing such events that will eventually enrich the cultural bondage of our people living in a distant land, especially the younger generation. Fr. Johnson Araserril OFM Cap.,patron of the organization, highlighted the relevance of celebrating Thiuppiravi which coincides with the beginning of a new year. SMCA president Joy Antony presided the inaugural session and general secretary George Joseph proposed vote of thanks. Fr. Simon Cheruvathur and programme coordinator Clarence Elavathinkal felicitated the audience on the occasion. SMCA gulf coordinator Dr. Mohan Thomas was guest of honour.

One hundred and sixty two participants, including children and adults participated in the cultural programme. Besides cultural progammes, SMCA Qatar is involved in many activities benefitting the community including leadership training programme for young members, charity activities and family welfare scheme for expatriate Syro Malabar community in Qatar.

# പരിസ്ഥിതി സംരക്ഷണം ദൈവശാസ്ത്ര ആഭിമുഖ്യങ്ങൾ

ഫാ.മാത്യു ഇല്ലത്തുപറമ്പിൽ, സെന്റ് ജോസഫ് പൊന്റിഫിക്കൽ സെമിനാരി, മംഗലപ്പുഴ

(കാക്കനാട് മൗണ്ട് സെന്റ് തോമസിൽ 8-8-2011-ൽ നടന്ന കെസിബിസി സമ്മേളനത്തിൽ അവതരിപ്പിച്ചത്)

**കഴിഞ്ഞ ലക്കം തുടർച്ച....**



ഫാ.മാത്യു ഇല്ലത്തുപറമ്പിൽ

## 8. പ്രകൃതിക്കെതിരെയുള്ള പാപങ്ങൾ

ദൈവവുമായുള്ള മനുഷ്യരുടെ ബന്ധത്തകർച്ചയാണ് പാപത്തിന്റെ ആത്യന്തിക മാനം. മനുഷ്യരുമായുള്ള നമ്മുടെ ബന്ധം ഉലയുന്നത് ദൈവവുമായുള്ള ബന്ധത്തെ ബാധിക്കുമെന്നത് വ്യക്തമാണ്. എന്നാൽ പ്രകൃതിയുമായുള്ള ബന്ധം താറുമാറാകുന്നത് പാപകരമാണെന്ന് പറയാൻ നാം ഇപ്പോഴും മടിക്കുന്നു. ദൈവവുമായുള്ള മനുഷ്യരുടെ ബന്ധത്തിൽ സാധാരണഗതിയിൽ മണ്ണും മരങ്ങളും കയറിവരുന്നില്ല; പാപവും പുണ്യവും നിർണ്ണയിക്കുന്നിടത്ത് ഇപ്പോഴും പൊന്നുരുക്കുന്നിടത്തെ പൂച്ച പോലെയാണ് പ്രകൃതി. കാരണം മനുഷ്യന്റെ ജീവൽപങ്കാളിയായി പ്രകൃതിയെ നാം കാണുന്നില്ല എന്നതുതന്നെ. <u>പ്രകൃതിയെ അശ്രദ്ധമായി നശിപ്പിക്കുന്നത് പാപകരമാണെന്ന് പറയാൻ നാം തുടങ്ങിയിട്ടില്ല. മാരകമായ വിഷം തളിച്ച് പച്ചക്കറിയുണ്ടാക്കി വിൽക്കുന്നത് ഏറ്റു പറയേണ്ട പാപങ്ങളുടെ പട്ടികയിൽ വരുന്നില്ല.</u> ഏഴ് സാമൂഹിക മൂലപാപങ്ങളുടെ പട്ടിക വത്തിക്കാൻ 2008-ൽ പുറത്തിറക്കിയിരുന്നു. അതിലൊന്ന് പ്രകൃതിയെ മലിനമാക്കുന്നതാണ്. ചുരുക്കത്തിൽ ദൈവവുമായുള്ള നമ്മുടെ ബന്ധത്തെ നിഷേധാത്മകമായി ബാധിക്കാൻപോരുന്നതാണ് പ്രകൃതിക്കെതിരെയുള്ള നമ്മുടെ നിലപാടുകൾ. അതായത്, പ്രകൃതിയുമായുള്ള തന്റെ ബന്ധത്തെ പാടെ അവഗണിക്കുന്ന ആർക്കും പ്രത്യേകിച്ച് ഇക്കാലത്ത് പുണ്യപ്പെട്ട ജീവിതം നയിക്കാനാവില്ല. ഈ നൂറ്റാണ്ടിലെ പുണ്യാത്മാക്കൾക്ക് ഹരിതവിശുദ്ധരാകാതെ തരമില്ല.

## ഉപസംഹാരം

സഭ നടത്തേണ്ട പരിസ്ഥിതിസംരക്ഷണ ഉദ്യമങ്ങൾക്കുള്ള ദൈവശാസ്ത്രന്യായീകരണം മാത്രമാണ് ഈ ചിന്തകൾ. സഭയുടെ ഈ രംഗത്തെ ശ്രമങ്ങൾക്കുണ്ടാകേണ്ട മൂന്ന് ഗുണവിശേഷങ്ങൾ നിർദ്ദേശിക്കുകയാണ്.

ഒന്നാമതായി, പരിസ്ഥിതിസംരക്ഷണത്തിനുണ്ടാകേണ്ട ഒരു അവശ്യഗുണം അതിന്റെ സമഗ്രതയാണ്. ഇക്കാര്യം ബനഡിക്ട് പതിനാറാമൻ പാപ്പ 'സത്യത്തിൻ സ്നേഹം' എന്ന ചാക്രിക ലേഖനത്തിൽ എടുത്തുപറയുന്നുണ്ട്. സ്വയം പരിഗണിക്കുന്ന രീതിയിലേ മനുഷ്യകുലം പ്രകൃതിയേയും പരിഗണിക്കൂ; അതുപോലെ നേരെ തിരിച്ചും. സംസ്കാരത്തിൽ നിന്നും സമൂഹത്തിൽ നിന്നും പാടെ വേർപെടുത്തി പ്രകൃതിയെ നമുക്കിന്ന് കാണാനാവില്ല. ഉദാഹരണത്തിന് ജലം ഉൾപ്പെടെയുള്ള പ്രകൃതിവിഭവങ്ങൾ സ്വന്തമായി ശേഖരിച്ചുകൂട്ടുന്നവർ ഫലത്തിൽ പരിസ്ഥിതിവിരുദ്ധമായി പെരുമാറുകയാണ് (Benedict XVI, *Caritas in Veritate,* 51). മാർപാപ്പ തുടരുന്നു: സഭക്ക് സൃഷ്ടപ്രപഞ്ചത്തോട് ഉത്തരവാദിത്വമുണ്ട്. സഭ അത് പൊതുസമൂഹത്തിൽ പ്രഖ്യാപിക്കണം. ഈ ശ്രമത്തിൽ സഭ പ്രകൃതിവിഭവങ്ങളെ സംരക്ഷിച്ചാൽ മാത്രം പോര, മനുഷ്യകുലത്തെ സ്വയം നാശത്തിൽ നിന്നും രക്ഷിക്കണം. അതിനു മാനുഷികപരിസ്ഥിതിക്കും സഭ ഊന്നൽ നൽകണം. അതായത് ജീവൻ, ലൈംഗികത, കുടുംബം, സാമൂഹികബന്ധങ്ങൾ തുടങ്ങിയവയെ വേണ്ടവിധം മാനിക്കുന്ന സമൂഹമാണ് മാനുഷിക പരിസ്ഥിതി ഉറപ്പിക്കുന്നത് (Benedict XVI, *Caritas in Veritate,* 51). അതായത്, ജീവസംരക്ഷണം എന്ന വലിയ ലക്ഷ്യത്തിന്റെ ഭാഗമാകണം പരിസ്ഥിതി സ്നേഹം. ഭ്രൂണഹത്യയെ അനുകൂലിക്കുകയും മരം മുറിക്കുന്നതിനെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാടെടുക്കുകയും ചെയ്യുന്നത് സമഗ്രമല്ലാത്ത പ്രകൃതി സ്നേഹത്തിന്റെ അടയാളമാണ്. തെരുവിൽ അലയുന്ന കുട്ടികളെ മറന്ന് അന്യംനിന്നുപോകുന്ന ജീവജാലങ്ങൾക്കായി വാദിക്കുന്നതിൽ അപാകമുണ്ട്. മനുഷ്യന്റെ പൊതുനന്മയെ അവഗണിക്കുന്ന തരം പ്രകൃതിസ്നേഹവും ചോദ്യം ചെയ്യപ്പെടേണ്ടതാണ്. ജോൺ പോൾ രണ്ടാമൻ പാപ്പ പഠിപ്പിച്ചതുപോലെ, മനുഷ്യമഹത്വത്തിന് മുകളിലായി പ്രകൃതിയെ പ്രതിഷ്ഠിക്കരുത്. സകലജീവജാലങ്ങൾക്കും ഒരേ മഹത്വമല്ല ഉള്ളത്. (John Paul II,Address to the participants in a convention on"The Enviornment and Health" 24 March 1997:*L'Osservatore Romanoe*, English ed. 9April 1997, p.2). ചുരുക്കത്തിൽ മനുഷ്യന്റെ സവിശേഷമായ ശ്രേഷ്ഠതയെ മാനിക്കുന്നതരം പരിസ്ഥിതി സംരക്ഷണശ്രമങ്ങളേ സഭക്ക് സ്വീകാര്യമാകൂ. കാരണം സമഗ്രമല്ലാത്ത പ്രകൃതിസംരക്ഷണത്തിന് ദൈവശാസ്ത്രത്തിന്റെയും സാമാന്യയുക്തിയുടെയും പിന്തുണയില്ല. മറിച്ചുള്ള ശ്രമങ്ങളൊക്കെ പ്രകൃതിസ്നേഹത്തിന്റെ കാല്പനികപ്പതിപ്പായി അവശേഷിക്കും.

രണ്ടാമതായി, പരിസ്ഥിതി സംരക്ഷണം ആത്യന്തികമായി ഒരു ജീവിതശൈലിയാണ്. വിശ്വാസജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും സ്വാധീനം ചെലുത്തുന്ന ജീവിതശൈലിയായി മാറിയാലേ ഇതു ഫലമണിയൂ. ഏതാനും പ്രതീകാത്മക പ്രവൃത്തികളോ ഒറ്റപ്പെട്ട ചില മുന്നേറ്റങ്ങളോ ഇക്കാര്യത്തിൽ മതിയാവുകയില്ല. ഇതൊരു ജീവിതശൈലിയാകുമ്പോൾ നമ്മുടെ ഭക്ഷണ, താമസ, യാത്രാ, ഊർജ്ജവിനിയോഗ, വിനോദശീലങ്ങളൊക്കെ പുനഃക്രമീകരിക്കപ്പെടേണ്ടിവരും. അപ്പോഴേ പ്രകൃതിസംരക്ഷണം ചലനാത്മകമാകൂ. ഈ സാമൂഹികമാറ്റത്തിന് നേതൃത്വപരമായ പങ്കുവഹിക്കലും ഇക്കാര്യത്തിൽ സ്വയം മാതൃകയാകുകയുമാണ് സഭയുടെ കടമകൾ. **<u>അപ്പം വർദ്ധിപ്പിക്കാനൊരുങ്ങിയ ഈശോ ആദ്യം ചെയ്യുന്നത് വിശന്നുപൊരിഞ്ഞുനിന്ന ആൾക്കൂട്ടത്തെ വിവിധ പന്തികളായി ഇരുത്തുകയാണ് (മർക്കോ.6:30-44). ക്രമരഹിതമായ അവസ്ഥയിൽ നിന്ന് ക്രമവും വേർതിരിവും ഉണ്ടാക്കി സൃഷ്ടികർമ്മം നടത്തിയ ദൈവത്തിന്റെ പ്രവൃത്തിയുടെ സാദൃശ്യം നമുക്കിവിടെ കാണാൻ കഴിയും. കൈനിറയെ കിട്ടിയവരും ഒന്നും കിട്ടാത്തവരും കിട്ടിയതുപോര എന്ന ബോധ്യമുള്ളവരും ഒരുപോലെ പരിമിതമായ പ്രകൃതിവിഭവങ്ങൾക്കുവേണ്ടി മല്ലിടുന്ന സമൂഹമാണ് നമ്മുടേത്.</u>** ഇത്തരക്കാർക്കെല്ലാം നീതിപൂർവ്വകമായ ഇരിപ്പിടം കിട്ടുന്ന ഒരു സാമൂഹിക ക്രമം സൃഷ്ടിക്കാൻ കഴിഞ്ഞാലേ അപ്പം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന ദൈവത്തിന്റെ സമൃദ്ധിയിൽ നിന്നു ഭക്ഷിച്ച് എല്ലാവർക്കും തൃപ്തരാകാൻ കഴിയൂ. ഈ വമ്പൻ യജ്ഞത്തിൽ രാഷ്ട്രത്തോടൊപ്പവും ഒരുവേള രാഷ്ട്രസമൂഹത്തിന് മാതൃകയും പ്രചോദനവുമായും വർത്തിക്കുകയാണ് സഭയുടെ ദൗത്യം. ഒട്ടും ചെറുതല്ല ഇതിന്റെ കടമകൾ.

മൂന്നാമതായി, പരിസ്ഥിതി സംരക്ഷണം സഭ ഒറ്റക്ക് ഏറ്റെടുത്ത് ചെയ്യേണ്ട ഒന്നല്ല. ഭയാനകവ്യാപ്തിയുള്ള ഈ കടമ എല്ലാവരോടും ചേർന്ന് നിർവ്വഹിക്കണമെന്ന് ജോൺ പോൾ രണ്ടാമൻ പാപ്പ ഓർമ്മിപ്പിച്ചിട്ടുണ്ട്. (John Paul II, Address to the UN Centre, Nairobi, Kenya (18August 1985):AAS 78 (1986) 92). വിവിധ മതസമൂഹങ്ങളോടും ജനാധിപത്യ സർക്കാരുകളോടും സാമൂഹികപ്രസ്ഥാനങ്ങളോടും ചേർന്ന് പ്രകൃതിസംരക്ഷണത്തിനായി ഒരു ജനകീയ മുന്നേറ്റത്തിന് നേതൃത്വം കൊടുക്കാനായാൽ ഇക്കാലത്ത് സഭ ചെയ്യുന്ന ഏറ്റവും വലിയ സാമൂഹിക സേവനങ്ങളിലൊന്നായി അത് മാറും. അതിനുവേണ്ട അറിവും ആളും അർത്ഥശേഷിയും അടിസ്ഥാനനെറ്റുവർക്കും കേരളസഭയ്ക്കുണ്ട്. പക്ഷെ ഇത്തരം മുന്നേറ്റങ്ങൾക്ക് ഇനിയെന്തുകൂടി വേണം എന്ന് കണ്ടെത്താനുള്ള അവസരമാകട്ടെ ഇന്നത്തെ ചർച്ചകൾ.

(അവസാനിച്ചു)

**കഴിഞ്ഞ ലക്കം തുടർച്ച....**

# സീറോ മലബാർ സഭ അല്മായ കമ്മീഷൻ
# ‘കാൻസറിനെതിരെ പോരാട്ടം’

## സ്തനാർബുദം

കേരളത്തിലെ സ്ത്രീകളുടെ ഇടയിൽ കാണുന്ന കാൻസറുകളിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന ഈ കാൻസർ ക്രമേണ കൂടിവരുന്നതായിട്ടാണ് കാണുന്നത്. ആധുനിക ജീവിതശൈലിയും, മാറിവരുന്ന ഭക്ഷണക്രമവും ഇതിന് കാരണമായി പറയപ്പെടുന്നു. നേരത്തെ കണ്ടെത്തി ചികിത്സിക്കാൻ സാധിക്കുന്ന പക്ഷം പരിപൂർണ്ണമായി സുഖപ്പെടുത്താവുന്ന ഒരു രോഗമാണ് സ്തനാർബുദം.

### *ശ്രദ്ധിക്കേണ്ടവർ*

- ♦ അവിവാഹിതർ, പ്രസവിച്ചിട്ടില്ലാത്ത വർ, 35 വയസിനുശേഷം ആദ്യമായി പ്രസവി ച്ചവർ, പ്രസവിച്ചിട്ട് മുലയൂട്ടാത്തവർ
- ♦ നേരത്തെ ആർത്തവം തുടങ്ങിയവർ, വളരെ താമസിച്ച് ആർത്തവം നിലച്ചവർ, അമിതമായി ഹോർമോൺ, മദ്യം, മൃഗക്കൊഴുപ്പ് കഴിക്കുന്നവർ
- ♦ അമിത വണ്ണമുള്ളവർ, രക്തബന്ധുക്കൾക്ക് സ്തനാർബുദം വന്നവർ

സ്തനം സ്വയം പരിശോധിക്കുന്നതാണ് ഈ രോഗം കണ്ടെത്താനുള്ള എളുപ്പ മാർഗ്ഗം.




കുളിക്കുന്ന സമയത്ത് നിർവ്വഹിക്കാവുന്ന ഈ ലളിതമായ പരിശോധന 30 വയസ്സിനുശേഷം എല്ലാ മാസവും മുടങ്ങാതെ നടത്തേണ്ടതാണ്. ആർത്തവമുള്ള സ്ത്രീകൾ ആർത്തവത്തിനു ശേഷം അഞ്ചുദിവസം കഴിഞ്ഞും ആർത്തവം നിലച്ചവർ മാസത്തിലൊരിക്കലും പരിശോധന നടത്തണം. ഒരു കൈ തലയുടെ പുറകിൽ പിടിച്ച് അടുത്ത കൈപ്പത്തി നിവർത്തിപ്പിടിച്ച് അകവശം കൊണ്ട്വേണം അമർത്തി പരിശോധിക്കാൻ. സ്തനത്തിലുണ്ടാകുന്ന മുഴകൾ, കല്ലിപ്പ്, സ്തനഞെട്ടിൽ നിന്നുള്ള സ്രവം, സ്തനഞെട്ട് ഉള്ളിലേയ്ക്ക് വലിയുക തുടങ്ങിയ ലക്ഷണങ്ങൾ കണ്ടാൽ മടിച്ചുനിൽക്കാതെ ഒരു സർജനെക്കൊണ്ട് പരിശോധിപ്പിക്കണം. എഫ്.എൻ.എ.സി. (Fine Needle Aspiration Cytology), മാമോഗ്രഫി എന്നീ പരിശോധനകൾവഴി രോഗനിർണ്ണയം സാധ്യമാണ്. മുഴകളിൽ നിന്നും ചെറിയ സൂചി ഉപയോഗിച്ച് കോശങ്ങൾ ശേഖരിച്ച് മൈക്രോസ്കോപ്പിലൂടെ നിരീക്ഷി ക്കുന്നതാണ് എഫ്.എൻ.എ.സി. മൂന്ന് മില്ലീമീറ്റർ മാത്രം വലിപ്പമുള്ള സ്തനത്തിലെ മുഴകൾ കണ്ടുപിടിക്കാൻ കഴിവുള്ള എക്സ്റേ പരിശോധനയാണ് മാമോഗ്രഫി. സ്തനാർബുദം നേരത്തെ കണ്ടെത്തി പരിപൂർണ്ണമായി ചികിത്സിച്ചു സുഖപ്പെടുത്താമെന്നിരിക്കെ, ലജ്ജകൊണ്ട് പരിശോധന നീട്ടിക്കൊണ്ടുപോകുന്നത് രോഗം മൂർച്ഛിക്കുന്നതിനും പിന്നീട് ദുഃഖിക്കുന്നതിനും കാരണമാകും.

## ഗർഭാശയഗള കാൻസർ

കേരളത്തിലെ സ്ത്രീകളുടെ ഇടയിൽ കാണുന്ന ക്യാൻസറുകളിൽ രണ്ടാം സ്ഥാനമുള്ള ഈ കാൻസർ നേരത്തെ കണ്ടുപിടിക്കാവുന്നതും, തുടക്കത്തിലെ ചികിത്സിച്ചാൽ പരിപൂർണ്ണമായി സുഖപ്പെടുത്താവുന്നതുമാണ്.

## ഗർഭാശയഗള കാൻസറിന്റെ പ്രധാന കാരണങ്ങൾ

വളരെ ചെറുപ്പത്തിലെയുള്ള ലൈംഗീക ജീവിതം, ഗർഭധാരണം, തുടരെയുള്ള പ്രസവം, ഋതുമതിയായിരിക്കുമ്പോഴും പ്രസവിച്ച് ആറ് ആഴ്ചകൾക്കുമുമ്പുള്ള ലൈംഗീക ബന്ധം, പല പുരുഷന്മാരുമായോ പല സ്ത്രീകളുമായി ബന്ധമുള്ള പുരുഷന്മാരുമായോ ഉള്ള ബന്ധം, ലൈഗീക ശുചിത്വമില്ലായ്മ, പുരുഷ ലിംഗത്തിലെ ചർമ്മത്തിനടിയിലെ അഴുക്ക് (smegma), ചിലതരം വൈറസുകൾ.

ആരംഭത്തിൽ വേദനയോ, രക്തസ്രാവ മോ ഉണ്ടാകാത്തതിനാൽ ഗർഭാശയഗള കാൻസർ പലപ്പോഴും ശ്രദ്ധിക്കാതെ പോകുന്നു. എന്നാൽ ചെറിയരീതിയിലുള്ള മഞ്ഞനിറമോ, പഴുപ്പുകലർന്നതോ, ദുർഗന്ധമുള്ളതോ ആയ വെള്ളപോക്ക്, ആർത്തവം നിലച്ചവരിലുള്ള രക്തസ്രാവം, ലൈംഗീക ബന്ധത്തിനുശേഷം രക്തം വരിക തുടങ്ങിയ രോഗലക്ഷണങ്ങൾ കണ്ടാൽ ഒരു ഗൈനക്കോളജിസ്റ്റിനെക്കൊണ്ട് പരിശോധിപ്പിക്കണം. ഭയവും ലജ്ജയും നിസ്സഹകരണവും രോഗം കൂടുതൽ സങ്കീർണ്ണമാക്കിയേക്കാം.

പാപ്സിമിയർ ടെസ്റ്റ് എന്ന ലഘു പരിശോധനവഴി ഈ രോഗം ആരംഭത്തിൽ കണ്ടെത്താൻ സാധിക്കും. ഗർഭാശയഗളത്തിൽ നിന്നും കോശങ്ങൾ ശേഖരിച്ച് മൈക്രോസ്കോപ്പിലൂടെ നിരീക്ഷിക്കുന്നതാണ് ഈ പരിശോധന. 30നും 60നും ഇടയ്ക്ക് പ്രായമുള്ള എല്ലാ സ്ത്രീകളും വിവാഹിതരും വർഷത്തിലൊരിക്കൽ ഈ പരിശോധന നടത്തേണ്ടതാണ്. കോശപരിശോധനയിൽ മാറ്റങ്ങളില്ലാത്തവർ ഡോക്ടറുടെ നിർദ്ദേശാനുസരണം 5 വർഷത്തിനുശേഷം പുനഃപരിശോധന നടത്തിയാൽ മതിയാകും. ഇങ്ങനെ ചെയ്യുന്ന പക്ഷം ഗർഭാശയഗള കാൻസർ കൊണ്ടുള്ള കഷ്ടതകളും മരണവും ഒഴിവാക്കാൻ കഴിയും.

**ആധുനിക ജീവിതശൈലിയും, മാറിവരുന്ന ഭക്ഷണക്രമവും സ്തനാർബുദത്തിന് കാരണമായി പറയപ്പെടുന്നു. നേരത്തെ കണ്ടെത്തി ചികിത്സിക്കാൻ സാധിക്കുന്ന പക്ഷം പരിപൂർണ്ണമായി സുഖപ്പെടുത്താവുന്ന ഒരു രോഗമാണിത്.**




**കേരളത്തിലെ സ്ത്രീകളുടെ ഇടയിൽ കാണുന്ന ക്യാൻസറുകളിൽ രണ്ടാം സ്ഥാനമുള്ള ഗർഭാശയഗള കാൻസർ നേരത്തെ കണ്ടുപിടിക്കാവുന്നതും, തുടക്കത്തിലെ ചികിത്സിച്ചാൽ പരിപൂർണ്ണമായി സുഖപ്പെടുത്താവുന്നതുമാണ്.**

(തുടരും)

എവിടെ അസൂയയും സ്വാർത്ഥമോഹവുമുണ്ടോ അവിടെ ക്രമക്കേടും എല്ലാവിധ ദുഷ്കർമ്മങ്ങളുമുണ്ട്. (യാക്കോ.3:16)

# സീറോ മലബാർ കൾച്ചറൽ അസോസിയേഷൻ (എസ്എംസിഎ) കുവൈറ്റ് ക്രിസ്തുമസ്-ന്യൂഇയർ ആഘോഷങ്ങൾ നടത്തി






സീറോ മലബാർ കൾച്ചറൽ അസോസിയേഷൻ, കുവൈറ്റ് ക്രിസ്തുമസ്-ന്യൂഇയർ ആഘോഷങ്ങൾ നടത്തി. അഹമ്മദിയിലെ ഡൽഹി പബ്ലിക് സ്കൂൾ അങ്കണത്തിൽ ഒരുക്കിയിരുന്ന വേദിയിൽവെച്ച് ജനുവരി 6 വെള്ളിയാഴ്ച വ്യത്യസ്തവും ഗൃഹാതുരത്വം ഉണർത്തുന്നതുമായ പരിപാടികളോടെയാണ് SMCA CHRISTMAS NEW YEAR FAMILY FEST നടന്നത്.

ആഘോഷങ്ങളിൽ താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ വിശിഷ്ഠാതിഥിയായിരുന്നു. 3.30 pm ന് 4 ഏരിയകളിൽ നിന്നുമുള്ള കരോൾ കൂട്ടങ്ങളുടെ കൊട്ടിക്കലാശത്തോടെ പരിപാടികൾ ആരംഭിച്ചു. 200-ഓളം കുട്ടികൾ അണിനിരന്ന ബാലദീപ്തി ക്വയർ ത്രിസന്ധ്യാ ജപത്തിനു നേതൃത്വം നൽകുകയും കരോൾ ഗാനം, SMCA ആന്തം എന്നിവ ആലപിക്കുകയും ചെയ്തു. റംശാ പ്രാർത്ഥനക്കുശേഷം വിവിധ ഏരിയകളിൽ നിന്നുള്ള കലാസംഘങ്ങൾ അവതരിപ്പിച്ച നൃത്ത നൃത്ത്യങ്ങൾ അരങ്ങേറി. തിരുപ്പിറവിയെ അധികരിച്ച് ബാബുജി ബത്തേരി സംവിധാനം ചെയ്ത ലൈറ്റ് ആന്റ് സൗണ്ട് ഷോ ആകർഷകവും അഭിനയ മുഹൂർത്തങ്ങൾ നിറഞ്ഞതുമായിരുന്നു. തുടർന്നു നടന്ന പൊതു സമ്മേളനത്തിൽ SMCA പ്രസിഡന്റ് ശ്രീ. ജേക്കബ് പൈനാടത്ത് അദ്ധ്യക്ഷത വഹിച്ചു. വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ്പ് പീറ്റർ രാജിക്ക് മുഖ്യാതിഥിയായിരുന്നു. സംഘടനയുടെ രക്ഷാധികാരി കുവൈത്ത് ബിഷപ്പ് കമില്ലോ ബല്ലീൻ, വികാരി ജനറാൾ റവ.ഫാ. മാത്യൂസ് കുന്നേൽപുരയിടം, ജനറൽ സെക്രട്ടറി ബിജോയ് പാലാക്കുന്നേൽ, ട്രഷറർ ലൂയിസ് നേര്യംപറമ്പിൽ, ബാലദീപ്തി പ്രസിഡന്റ് കുമാരി അഞ്ചു വർഗീസ് എന്നിവർ സംസാരിച്ചു. വിവാഹത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന ദമ്പതികളെയും സ്ഥിരതാമസത്തിനായി നാട്ടിലേക്ക് പോകുന്ന വിശ്വാസ പരിശീലന ക്ലാസ്സിന്റെ പ്രധാനാധ്യാപകൻ ശ്രീ മാത്യു മറ്റത്തിലിനെയും സ്മരണിക നൽകി ആദരിച്ചു. SMCA bullettin ന്റെ വാർഷികപ്പതിപ്പ് യോഗത്തിൽ പ്രകാശനം ചെയ്തു. ആഘോഷത്തിന്റെ ഭാഗമായി നടത്തിയ റാഫിളിന്റെ നറുക്കെടുപ്പും കലാമേളയിലെ വിജയികൾക്കുള്ള സമ്മാനവിതരണവും നടന്നു. തുടർന്ന് കണക്ഷൻസ് മീഡിയ അവതരിപ്പിച്ച ഗാനമേളയിൽ സുപ്രസിദ്ധ ചലച്ചിത്ര പിന്നണി ഗായിക സിസിലി, സ്റ്റാർ സിംഗർ ആന്റണി എന്നിവർ അണിനിരന്നു. ആർട്സ് കൺവീനർ ബിജോയ് കേളംപറമ്പിൽ, കൾച്ചറൽ കൺവീനർ അനീഷ് തെങ്ങുംപള്ളിൽ, സോഷ്യൽ കൺവീനർ ജോർജ്ജ് തെക്കേൽ, ബാലദീപ്തി ചീഫ് കോഡിനേറ്റർ അഭിലാഷ് അരീക്കുഴിയിൽ എന്നിവരുടെ നേതൃത്വത്തിൽ കമ്മറ്റിയംഗങ്ങളും സർവ്വീസ് ടീമും പരിപാടികൾക്ക് നേതൃത്വം നൽകി.

## പ്രവാസി ഭാരതീയ പുരസ്കാരജേതാവ് ജോസ് പറയാങ്കനെ അല്മായ കമ്മീഷൻ അഭിനന്ദിച്ചു



കൊച്ചി: ഭാരത സർക്കാരിന്റെ പ്രവാസി ഭാരതീയ പുരസ്കാരത്തിന് അർഹനായ ജോസ് പറയാങ്കനെ സീറോമലബാർ സഭ അല്മായകമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കലും അല്മായകമ്മീഷൻ സെക്രട്ടറി അഡ്വ. വി. സി. സെബാസ്റ്റ്യനും അഭിനന്ദിച്ചു. ആഫ്രിക്കൻ രാജ്യമായ മൊസാമ്പിക്കിന്റെ വ്യവസായികമേഖലകളിലും അടിസ്ഥാന വികസനരംഗത്തും സമഗ്രസംഭാവനകൾ നല്കുകയും മൊസാമ്പിക്കും ഇന്ത്യയുമായും പരസ്പരം സഹകരിച്ചുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കുകയും ചെയ്യുന്ന ജോസ് പറയാങ്കന്റെ സേവനങ്ങൾ ഭാരതത്തിനും കേരളസമൂഹത്തിനും സർവോപരി സീറോ മലബാർ സഭയ്ക്കും അഭിമാനമേകുന്നുവെന്ന് അല്മായ കമ്മീഷൻ ആശംസ സന്ദേശത്തിൽ സൂചിപ്പിച്ചു.

## മാർ ബോസ്കോ പുത്തൂരിന് ഡൽഹിയിൽ സ്വീകരണം



The Curia Bishop of the Syro-Malabar Catholic Church, His Excellency, Mar Bosco Puthur was given award welcome when he visited St. Peter's Syro-Malabar Catholic Parish, R.K. Puram, New Delhi on Sunday 27 Nov. 2011. He was received by Fr. Paul Thekkenath , Parish Council vice president Mr. Liju Joseph and Secretary Mr. Reji Mathew.

കൈക്കൂലി ജ്ഞാനിയെ അന്ധനും നീതിമാനെ നുണയനുമാക്കുന്നു. (നിയമാ.16:19

# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖയിൽ

## പ്രേഷിതവൃത്തിയുടെ വിവിധ രൂപങ്ങൾ



**കഴിഞ്ഞ ലക്കം തുടർച്ച.......**

**25. അല്മായപ്രേഷികരെ വൈദികർ സഹായിക്കണം –** മെത്രാന്മാരും ഇടവകാധികാരികളും മറ്റു രൂപതാവൈദികരും സന്യാസവൈദികരും ഒരു കാര്യം അറിഞ്ഞിരിക്കണം. എല്ലാ വിശ്വാസികൾക്കുമുള്ളതാണ് പ്രേഷിതവൃത്തിക്കുള്ള അവകാശവും കടമയും. വൈദികരെന്നോ അല്മായരെന്നോ ഉള്ള ഭേദം ഇതിലില്ല. സഭയെ പണിതുയർത്താൻ അല്മായർക്കുമുണ്ട് അവരുടേതായ ഒരു പങ്ക്. അതുകൊണ്ട് വൈദികർ സാഹോദര്യത്തോടെ സഭയിലും സഭയ്ക്കുവേണ്ടിയും അല്മായരോടു സഹകരിച്ചു പ്രവർത്തിക്കണം. പ്രേഷിതവൃത്തിയിലേർപ്പെട്ടിരിക്കുന്ന അല്മായരുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ കാണിക്കുകയും വേണം.

പ്രത്യേകവിധത്തിലുള്ള അല്മായപ്രേഷിതത്വത്തെ സഹായിക്കാൻ കഴിവും തക്ക പരിശീലനവുമുള്ള കുറെ വൈദികരെ വിവേചനാപൂർവ്വം തിരഞ്ഞെടുക്കണം. അങ്ങനെ നിയമിതരാകുന്നവർ ഹയരാർക്കിയിൽ നിന്നും ലഭിക്കുന്ന ദൗത്യം നിമിത്തം ഇടയധർമ്മം നിർവ്വഹിക്കുമ്പോൾ ഹയരാർക്കിയുടെ പ്രതിനിധികളായിട്ടാണ് വർത്തിക്കുന്നത്. സഭയുടെ ചൈതന്യവും പഠനങ്ങളും സദാ മുറുകെപ്പിടിച്ചുകൊണ്ട് ഹയരാർക്കിയും അല്മായരും തമ്മിലുള്ള ബന്ധം ആശാസ്യമായ വിധം അവർ പരിപോഷിപ്പിക്കേണ്ടതാണ്. തങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്ന കത്തോലിക്കാ സംഘടനകളിൽ ആദ്ധ്യാത്മികജീവനും പ്രേഷിതചൈതന്യവും കൈവളർത്തുവാൻവേണ്ടി അവർ തങ്ങളെത്തന്നെ സമർപ്പിക്കണം. മാത്രമല്ല, ഈ സംഘടനകളുടെ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും ബുദ്ധിപൂർവ്വമായ ഉപദേശംകൊണ്ട് സഹായിക്കുകയും ചെയ്യേണ്ട കടമ അവർക്കുണ്ട്. കൂടെക്കൂടെ അല്മായരുമായി ചർച്ചകൾ നടത്തി കൂടുതൽ ഫലപ്രദമായ പ്രേഷിതവൃത്തിക്കു പറ്റിയ രൂപങ്ങൾ ആരായുന്നതും കൊള്ളാം. സംഘടനയ്ക്കുള്ളിലും സംഘടനകൾ തമ്മിലും ഐക്യബോധം പരിപോഷിപ്പിക്കേണ്ടതാവശ്യമാണ്.

സന്യാസജീവിതം നയിക്കുന്ന സഹോദരന്മാരും സഹോദരികളും അല്മായരുടെ പ്രേഷിതവേലയെ വിലമതിക്കണം. സ്വന്തസന്യാസസഭയുടെ ചൈതന്യവും നിയമങ്ങളും അനുവദിക്കുന്നിടത്തോളം അല്മായ പ്രേഷിതത്വത്തെ പരിപോഷിപ്പിക്കാൻ അവർ സ്വയം സമർപ്പിക്കുകയും വേണം. അവർ വൈദികർക്കു പിന്തുണ നൽകി സഹായിക്കുകയും അങ്ങനെ പൗരോഹിത്യധർമ്മ നിർവ്വഹണത്തെ പൂർത്തിയാക്കുകയും ചെയ്യേണ്ടതാണ്.

**26. സഹകരണസാദ്ധ്യതകൾ –** സുവിശേഷഘോഷണം, ആത്മാക്കളുടെ വിശുദ്ധീകരണം, പരസ്നേഹപ്രവർത്തനങ്ങൾ, സാമൂഹ്യപ്രവർത്തനങ്ങൾ എന്നു തുടങ്ങി പല തുറകളാണല്ലോ പ്രേഷിതപ്രവർത്തനത്തിനുള്ളത്. ഇവയെയെല്ലാം സഹായിക്കാൻ ഓരോ രൂപതയിലും കഴിയുന്നത്ര രൂപതാകൗൺസിലുകൾ ഉണ്ടായിരിക്കണം. ഇവയിൽ വൈദികരും സന്യാസികളും ഉചിതമായ രീതിയിൽ അല്മായരോടു സഹകരിച്ചു പ്രവർത്തിക്കണം. ഇത്തരം കൗൺസിലുകൾകൊണ്ട് അല്മായരുടെ വിവിധ സംഘടനകളും സംരംഭങ്ങളും തമ്മിലുള്ള സഹകരം വർദ്ധിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. അതേസമയം ഓരോന്നിനും സ്വന്തമായുള്ള സ്വഭാവവും സ്വാതന്ത്ര്യവും സംരക്ഷിക്കുന്നതിൽ ശ്രദ്ധയുണ്ടായിരിക്കുകയും വേണം.

**സഭയെ പണിതുയർത്താൻ അല്മായർക്കുമുണ്ട് അവരുടേതായ ഒരു പങ്ക്. അതുകൊണ്ട് വൈദികർ സാഹോദര്യത്തോടെ സഭയിലും സഭയ്ക്കുവേണ്ടിയും അല്മായരോടു സഹകരിച്ചു പ്രവർത്തിക്കണം.**

സാധിക്കുമെങ്കിൽ ഇത്തരം കൗൺസിലുകൾ ഇടവകകളിലും, പല ഇടവകകൾ ചേർന്നും, രൂപതകൾ ചേർന്നും, രാഷ്ട്രീയ തലത്തിലും അന്താരാഷ്ട്രീയ തലത്തിലും സ്ഥാപിക്കേണ്ടിയിരിക്കുന്നു.

ഇതിനെല്ലാം പുറമെ അല്മായ പ്രേഷിതത്വത്തെ സഹായിക്കാനും പ്രോത്സാഹിപ്പിക്കാനും വേണ്ടി തിരുസിംഹാസനത്തോടനുബന്ധിച്ച് ഒരു സെക്രട്ടറിയേറ്റ് സ്ഥാപിക്കണം. വേണ്ട സജ്ജീകരണങ്ങളോടുകൂടിയ ഒരു കേന്ദ്രമായിരിക്കണമത്. അല്മായരുടെ വിവിധ പ്രേഷിതപ്രവർത്തനങ്ങളെപ്പറ്റി അറിയിച്ചുകൊണ്ടിരിക്കുക, ഈ രംഗത്തുണ്ടാകുന്ന ആധുനിക പ്രശ്നങ്ങളെപ്പറ്റി പഠിക്കുക, പ്രേഷിതരംഗങ്ങളിൽ ജോലിചെയ്യുന്ന അല്മായർക്കും ഹയരാർക്കിക്കും ഇക്കാര്യത്തിൽ വേണ്ട ഉപദേശം നൽകി സഹായിക്കുക മുതലായവയാണിതിന്റെ ജോലി. ലോകമെങ്ങും അല്മായർ നടത്തുന്ന പ്രേഷിതസംരംഭങ്ങളുടെയും പ്രവർത്തനങ്ങളുടെയും പ്രതിനിധികൾ ഈ സെക്രട്ടറിയേറ്റിൽ ഉണ്ടായിരിക്കണം. വൈദികരും, സന്യാസികളും, അല്മായരും ഇവിടെ സഹകരിച്ചു പ്രവർത്തിക്കുകയും വേണം.

**27. അകത്തോലിക്കരോടും അക്രൈസ്തവരോടുമുള്ള സഹകരണം –** നമ്മുടെ പൊതുവായ പിതൃസ്വത്താണ് സുവിശേഷം. അതിൽനിന്നു ത്ഭവിക്കുന്ന കടമ-ക്രിസ്തുവിന് സാക്ഷ്യം വഹിക്കാനുള്ള കടമ-അതും പൊതുവാണ. ഈ യാഥാർത്ഥ്യങ്ങൾ നമ്മെ ഉപദേശിക്കുക മാത്രമല്ല പലപ്പോഴും നിർബന്ധിക്കുകയാണ. മറ്റു ക്രിസ്തീയ വിഭാഗങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കാൻ ഈ സഹകരണം വ്യക്തികൾ തമ്മിലാകാം; സഭാവിഭാഗങ്ങൾ തമ്മിലുമാകാം. പ്രവർത്തനങ്ങളിലോ സംഘടനകളിലോ ദേശീയ തലത്തിലോ അന്താരാഷ്ട്രീയതലത്തിലോ ഒക്കെ ഇതു പ്രാവർത്തികമാക്കാവുന്നതാണ്.

അങ്ങനെതന്നെ സകലമനുഷ്യർക്കും പൊതുവായ ചില മൂല്യങ്ങളുണ്ട്. പ്രേഷിതപ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന ക്രിസ്ത്യാനികളോട് ഈ മൂല്യങ്ങൾ എപ്പോഴും തന്നെ ആവശ്യപ്പെടുകയാണ്, ക്രിസ്തുവിന്റെ നാമം ഏറ്റു പറയുന്നില്ലെങ്കിലും മുൻപറഞ്ഞ മൂല്യങ്ങളെ അംഗീകരിക്കുന്ന മനുഷ്യരോടു സഹകരിച്ചു പ്രവർച്ചിക്കാൻ.

ലൗകികപ്രവർത്തനങ്ങളിൽ വലിയ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് വിവേകപൂർണ്ണവും പ്രവർത്തനോന്മുഖവുമായ ഈ സഹകരണം. ഇതുവഴി ലോകരക്ഷകനായ ക്രിസ്തുവിനും മനുഷ്യമഹാകുടുംബത്തിന്റെ ഐക്യത്തിനും അല്മായർ സാക്ഷ്യം വഹിക്കുന്നു.

(തുടരും)

# സീറോ മലബാർ സഭ അല്മായ കമ്മീഷൻ പ്രഥമഘട്ട അല്മായ സമ്മേളനങ്ങൾക്ക് ഓസ്ട്രേലിയയിൽ വൻ ഒരുക്കം
## 2012 മാർച്ച് 1 മുതൽ 12 വരെ

കാൻബറെ: സീറോ മലബാർ സഭ അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ അല്മായ സമ്മേളനങ്ങൾക്ക് ഓസ്ട്രേലിയയിൽ ഒരുക്കങ്ങൾ നടക്കുന്നു.

സഭയുടെ അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കലും അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യനും അല്മായ സന്ദർശനത്തിനും സമ്മേളനങ്ങൾക്കുമായി മാർച്ച് ഒന്നാം തീയതി ഓസ്ട്രേലിയയിൽ എത്തിച്ചേരും.

രണ്ടുഘട്ടങ്ങളായാണ് ഓസ്ട്രേലിയയിൽ അല്മായ കമ്മീഷന്റെ ഔദ്യോഗിക സന്ദർശനം. മാർച്ച് ഒന്നുമുതൽ പന്ത്രണ്ട് വരെയുള്ള പ്രഥമഘട്ടം പ്രധാനമായും കാൻബറെ, ബ്രിസ്ബെൻ, ടൗൺസ് വില്ല, മെൽബോൺ എന്നിവിടങ്ങളിലാണ് ക്രമീകരിച്ചിരിക്കുന്നത്.

മാർച്ച് ഒന്നാം തീയതി വൈകുന്നേരം കാൻബറേയിലെത്തിച്ചേരുന്ന അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറ




യ്ക്കലിനേയും അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യനേയും ഓസ്ട്രേലിയയിലെ സീറോ മലബാർ സഭ കോർഡിനേറ്റർ ഫാ.ഫ്രാൻസീസ് കോലഞ്ചേരിയുടെ നേതൃത്വത്തിൽ സ്വീകരിക്കും.

2, 3 തീയതികളിൽ കാൻബറേയിൽ ദിവ്യബലിയും ഔദ്യോഗിക സന്ദർശനങ്ങളും അല്മായ സമ്മേളനവും നടക്കും. മാർച്ച് 4ന് ബ്രിസബെനിൽ അല്മായ സമ്മേളനത്തിനും സന്ദർശന പരിപാടികൾക്കും ഫാ.തോമസ് അരീക്കുഴി നേതൃത്വം നൽകും.

5 മുതൽ 8 വരെ ടൗൺസ് വില്ലയിൽ വിവിധ പരിപാടികൾ ഫാ.ജോസ് കോയിക്കലിന്റെ നേതൃത്വത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. 9 മുതൽ 12 വരെ മെൽബോണിൽ വിവിധ സമ്മേളനങ്ങളും സെമിനാറുകളും കൂടിക്കാഴ്ചകളും ഫാ.പീറ്റർ കാവുംപുറത്തിന്റെ നേതൃത്വത്തിൽ നടക്കും.

സീറോ മലബാർ സഭ അല്മായ കമ്മീഷന്റെ ഓസ്ട്രേലിയയിലെ പ്രഥമസന്ദർശനമാണിത്. ലോകമെമ്പാടുമുള്ള സീറോ മലബാർ സഭയിലെ വിശ്വാസിസമൂഹത്തെ സഭയുടെ മുഖ്യധാരയിൽ ശക്തിപ്പെടുത്തുക എന്നതാണ് അല്മായ സന്ദർശനങ്ങളുടെയും സമ്മേളനങ്ങളുടെയും ലക്ഷ്യമെന്ന് സെക്രട്ടറി അഡ്വ.വി, സി.സെബാസ്റ്റ്യൻ പറഞ്ഞു.

# Final results show Christians under-represented in new Egyptian Parliament

Egypt: Final results of the Egyptian parliamentary elections confirm a resounding victory for Islamist groups, while the country's Christians are woefully under-represented, filling just seven of the 498 seats.

As expected from the first two of three rounds of voting, the Muslim Brotherhood's Freedom and Justice Party (FJP) has emerged with the largest share of the vote, giving them 47 per cent of seats in the People's Assembly.

The final results of the staggered elections were announced on Saturday (21 January) by the High Judicial Elections Committee. The hard line Salafist al-Nur party's coalition came second, taking about 25 per cent of the seats. The liberal Wafd party came third, trailed by the Egyptian Bloc coalition. The latter includes the Free Egyptians, which is headed by Christian businessman Naguib Sawiris and is favoured by many of the country's Christians.

Despite comprising around ten per cent of the population, Christians fill only 1.4 per cent of the seats in the new



parliament. Christian candidates won just two seats in the elections; five Christian candidates were subsequently appointed to the parliament by the head of the Supreme Council of the Armed Forces, who, acting in the place of the president, has the right to appoint ten MPs. Ousted President Hosni Mubarak traditionally used this allocation to boost the representation of Christians and women.

**Christians' concerns**

Egyptian Christians are concerned about their future under the new parliament. A Christian activist group released a statement, addressed to the Islamist majority, on Sunday, the day before the parliament's first scheduled meeting. The group expressed discontent with the election results and asked the Islamists if they will treat the country's Christians as equals and how they intend to deal with Christian women who will not be covering their hair or faces.

The new parliament will have significant influence in shaping the country's future, as it will choose the 100-member body that will draw up the new constitution.

Under a temporary power-sharing agreement, the FJP's secretary general, Mohamed Saad Katatny, was expected to be installed as the parliament's speaker with al-Nur and Wafd representatives serving as deputy speakers.

It remains to be seen whether or not the FJP and al-Nur will join forces in parliament, but the two groups have thus far expressed different priorities. The former has said that it will focus on economic and social issues, while the latter wants to pursue a more overtly Islamist agenda, focusing on issues such as women's dress, alcohol consumption and the contents of popular culture.

(Courtesy)

നിന്ദനം ശീലിച്ചവൻ ജീവിതകാലത്ത് ഒരിക്കലും പക്വത നേടുകയില്ല (പ്രഭാ.23:15)

# അല്മായർ രാഷ്ട്രീയത്തിൽ സജീവമായി ഇടപെടണം: ബിഷപ് ഡോ. ചക്കാലക്കൽ



പാലാരിവട്ടം പിഒസിയിൽ നടന്ന കത്തോലിക്കാ അല്മായ നേതൃസമ്മേളനം ബിഷപ് ഡോ.വർഗീസ് ചക്കാലയ്ക്കൽ ഉദ്ഘാടനം ചെയ്യുന്നു. ലക്സി ജോയി, സ്മിത ബിജോയ്. പ്രെഫ.ജേക്കബ് എബ്രഹാം, സെബാസ്റ്റ്യൻ പോൾ, അഡ്വ.ജോസ് വിതയത്തിൽ, അഡ്വ.രാജു, ഫാ.സ്റ്റീഫൻ ആലത്തറ, അഡ്വ.വി.സി.സെബാസ്റ്റ്യൻ, വി.വി.അഗസ്റ്റിൻ, സൈബി അക്കര, ഫാ.റൊമാൻസ് ആന്റണി, ഡോ.കൊച്ചുറാണി ജോസഫ് എന്നിവർ സമീപം

കൊച്ചി: അല്മായനേതാക്കൾ രാഷ്ട്രീയത്തിൽ സജീവമായി ഇടപെടേണ്ടവരാണെന്നു കെസിബിസി അല്മായ കമ്മീഷൻ ചെയർമാൻ ബിഷപ് ഡോ. വർഗീസ് ചക്കാലക്കൽ പറഞ്ഞു. സുവിശേഷദർശനങ്ങൾ രാഷ്ട്രീയരംഗങ്ങളിൽ പ്രാവർത്തികമാക്കാനും അങ്ങനെ സംശുദ്ധ രാഷ്ട്രീയത്തിന്റെ വക്താക്കളാകാനും അല്മായർക്കു ഉത്തരവാദിത്വമുണ്ടെന്നും അദ്ദേഹം പറഞ്ഞു. കെസിബിസി അല്മായ കമ്മീഷൻ കേരള കാത്തലിക് ഫെഡറേഷൻ, കേരള സോഷ്യൽ സർവീസ് ഫോറം എന്നിവയുടെ സഹകരണത്തോടെ പിഒസിയിൽ സംഘടിപ്പിച്ച അല്മായ നേതൃസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കേരള കാത്തലിക് ഫെഡറേഷൻ പ്രസിഡന്റ് പ്രഫ. ജേക്കബ് ഏബ്രഹാം അധ്യക്ഷത വഹിച്ചു. കെസിബിസി ഡപ്യൂട്ടി സെക്രട്ടറി റവ.ഡോ. സ്റ്റീഫൻ ആലത്തറ, അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ. ജോസ് വിതയത്തിൽ, റവ.ഡോ. ജോസ് കോട്ടയിൽ, ഫാ. ജേക്കബ് പാലക്കാപ്പിള്ളി, ഫാ. റൊമാൻസ് ആന്റണി, സീറോ മലബാർ അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ. വി.സി സെബാസ്റ്റ്യൻ, അല്മായ നേതാക്കളായ അഡ്വ. തോമസ് എം.മാത്തുണ്ണി, വി.വി അഗസ്റ്റിൻ, റജി മാത്യു, സൈബി അക്കര, അഡ്വ. ഡി.രാജു, ജോളി പവേലിൽ, സ്മിത ബിജോയ് എന്നിവർ പ്രസംഗിച്ചു. കത്തോലിക്കാ അല്മായർ കേരളത്തിലെ രാഷ്ട്രീയ-സാമൂഹ്യ രംഗത്ത് എന്നതാണു സമ്മേളനത്തിന്റെ മുഖ്യ ചർച്ചാവിഷയം. വിവിധ വിഷയങ്ങളിൽ ഡോ. സെബാസ്റ്റ്യൻ പോൾ, ജോയ് ഗോതുരുത്ത്, അഡ്വ. വി.സി സെബാസ്റ്റ്യൻ, എന്നിവർ പ്രഭാഷണം നടത്തി. ഡോ. കൊച്ചുറാണി ജോസ്, അഡ്വ. അഞ്ജലി സൈറസ്, സിജോ പൈനാടത്ത്, അലക്സ് ആട്ടുള്ളിൽ, ആനി റോഡ്നി, മാഗി മേനാംപറമ്പിൽ, സെബാസ്റ്റ്യൻ വടശേരി, സാബു ജോസ്, അഡ്വ.വി.എ ജെറോം, ജോമോൻ വെള്ളാപ്പിള്ളി, സിറിയക് ചാഴിക്കാടൻ, ഐ.എം ആന്റണി എന്നിവർ ചർച്ചകൾ നയിച്ചു.

# മുല്ലപ്പെരിയാർ

## ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിൽ സർക്കാരുകൾ പരാജയപ്പെടുന്നു: സീറോ മലബാർ സഭ അല്മായ കമ്മീഷൻ

തിരുവനന്തപുരം: മുല്ലപ്പെരിയാർ ഡാമിന്റെ ഭീഷണിയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും വെല്ലുവിളികളുയരുമ്പോൾ സംരക്ഷണം നൽകുവാനായി ഉത്തരവാദിത്വപ്പെട്ട ഭരണനേതൃത്വങ്ങൾ ഇക്കാര്യത്തിൽ നിസംഗത പുലർത്തുകയും വിഘടിച്ചുനിന്ന് തെറ്റിദ്ധാരണപരത്തുകയും ചെയ്യുന്നത് വേദനാജനകവും മനുഷ്യജീവനുനേരെയുള്ള ലാഘവസമീപനവുമാണെന്ന് സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ വി.സി.സെബാസ്റ്റ്യൻ പ്രസ്താവിച്ചു.

രാഷ്ട്രീയപാർട്ടികളും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും നടത്തുന്നത് അധികാരം നിലനിർത്താനുള്ള നെട്ടോട്ടവും രാഷ്ട്രീയ നാടകവുമാണ്. റൂർക്കി ഐഐടി വിദഗ്ദ്ധൻ സർക്കാരിനു സമർപ്പിച്ചിരിക്കുന്ന പ്രാഥമിക ഡാം ബ്രേക്ക് അനാലിസിസ് റിപ്പോർട്ടുപ്രകാരം ഡാം തകർന്നാൽ 40 അടി ഉയരത്തിൽ സെക്കന്റിൽ 12 മീറ്റർ വേഗത്തിൽ വെള്ളം ഒഴുകുമെന്നതാണ്. ഡാമിന് ബലം നൽകിയിരിക്കുന്ന സുർക്കി നല്ലൊരു ശതമാനവും ഒലിച്ചുപോയിരിക്കുന്നുവെന്നാണ് മറ്റൊരു പഠനം. ഇവയൊന്നും മുഖവിലയ്ക്കെടുക്കാതെ മന്ത്രിമാരും ഉദ്യോഗസ്ഥരും ഡാം സുരക്ഷിതമെന്ന് പ്രസ്താവിക്കുമ്പോൾ ജനങ്ങൾക്കുള്ള ഉൽക്കണ്ഠയും തെറ്റിദ്ധാരണയും വർദ്ധിക്കുന്നു. ഇത് പരിഹരിക്കുവാൻ സർക്കാരിന് ഉത്തരവാദിത്വമുണ്ട്. സ്വന്തം ജനതയെ ബലികൊടുത്ത് ബാഹ്യശക്തികളെ സംരക്ഷിക്കാനുള്ള ജനപ്രതിനിധികളുടെയും ഭരണനേതൃത്വങ്ങളുടെയും ശ്രമങ്ങൾ ഉത്തരവാദിത്വത്തിൽ നിന്നുള്ള ഒളിച്ചോട്ടവും ജനങ്ങളെ അപമാനിക്കലുമാണെന്ന് സീറോ മലബാർ സഭ അല്മായ കമ്മീഷൻ ആരോപിച്ചു.

ജീവനുനേരെ ഉയരുന്ന വെല്ലുവിളികൾ പരിഹരിക്കപ്പെടണം. മുല്ലപ്പെരിയാർ ഡാമിന്റെ പേരിൽ അക്രമങ്ങൾ അഴിച്ചുവിടുകയും, നിർദ്ദോഷികളായ ജനങ്ങളെ കൈയേറ്റം ചെയ്യുന്നതും ശരിയല്ല. പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാകാതെയിരിക്കുവാൻ നിസംഗത കൈവെടിഞ്ഞ് തെറ്റിദ്ധാരണകൾ മാറ്റി വസ്തുതകളെ സത്യസന്ധമായി ജനങ്ങളിലെത്തിച്ചും സമാധാനപൂർവ്വം പരിഹരിക്കാനുള്ള സർക്കാരിന്റെ കൂട്ടായ ശ്രമങ്ങൾവേണം. ഇത്തരം നടപടികൾക്ക് എല്ലാവിധ പിന്തുണയും നൽകുമെന്ന് സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യൻ സൂചിപ്പിച്ചു.



# അല്മായ കമ്മീഷൻ സംരംഭക സമ്മേളനം ബാംഗ്ലൂരിൽ

ബാംഗ്ലൂർ: സീറോ മലബാർ സഭ അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ബാംഗ്ലൂർ ലെയ്റ്റി സെന്ററിന്റെ നേതൃത്വത്തിൽ ബാംഗ്ലൂരിലെ വിദ്യാഭ്യാസ, ആരോഗ്യ, വ്യവസായിക തലങ്ങളുൾപ്പെടെ വിവിധ മേഖലകളിലെ സംരംഭകരും സാരഥികളുമായ സഭയിലെ അല്മായരുടെ സമ്മേളനം ചേരുന്നു. കർണ്ണാടകത്തിൽ വിവിധ മേഖലകളിൽ വ്യക്തിമുദ്രപതിപ്പിച്ചിട്ടുള്ള സീറോ മലബാർ സഭയിലെ പ്രമുഖർ ഓൻട്രപ്രണേഴ്സ് കോൺഫറൻസിലെ പ്രത്യേക ക്ഷണിതാക്കളാണ്.

ഫെബ്രുവരി അഞ്ചാം തീയതി ഞായറാഴ്ച വൈകിട്ട് ആറിന് ധർമ്മാരാം സെന്റ് തോമസ് ചർച്ച് ഓഡിറ്റോറിയത്തിൽ ചേരുന്ന ഓൻട്രപ്രണേഴ്സ് കോൺഫറൻസും കൺസൾട്ടേഷൻ കൗൺസിലും മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യും.

# ഒമാൻ സീറോ മലബാർ കൂട്ടായ്മ ക്രിസ്മസ് പുതുവത്സരങ്ങൾ ആഘോഷിച്ചു

മസ്കറ്റ്: സീറോ മലബാർ കൂട്ടായ്മ ഒമാൻ (എസ്എംസിഒ) ജനുവരി 20-ാം തീയതി ക്രിസ്മസ് പുതുവത്സരാഘോഷങ്ങൾ നടത്തുകയുണ്ടായി. കോട്ടയം അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയോടെ ആഘോഷങ്ങൾക്ക് തുടക്കമായി. തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവ് മുഖ്യാതിഥിയായും സ്പിരിചൽ ഡയറക്ടർ ഫാ. ബേബി മാത്യു അച്ചൻ അദ്ധ്യക്ഷനായും പങ്കെടുത്തു.

സീറോ മലബാർ കൂട്ടായ്മ ഒമാൻ പ്രസിഡന്റ് ശ്രീ ജോയ് തെക്കേടത്ത് സ്വാഗതവും സെക്രട്ടറി ശ്രീ ജോണി മാണിക്യത്ത് റിപ്പോർട്ടും അവതരിപ്പിച്ചു. വൈസ്പ്രസിഡന്റ് ശ്രീ.എം.ഒ. ഫ്രാൻസീസ് നന്ദി പറഞ്ഞു. പൊതുസമ്മേളനത്തെത്തുടർന്ന് വിവിധ കലാപരിപാടികൾ നടത്തപ്പെട്ടു. സ്നേഹവിരുന്നോടെ ആഘോഷങ്ങൾ പൂർത്തിയായി.

# സീറോ മലബാർ യുവജനസംഗമം മംഗലാപുരത്ത്

മംഗലാപുരം: സീറോ മലബാർ യുവജനസംഗമം മംഗലാപുരത്ത് കങ്കനാടി സെന്റ്. അൽഫോൻസാ പള്ളി അങ്കണത്തിൽ ജനുവരി 26 -ാം തീയതി നടന്നു. മംഗലാപുരത്തും സമീപപ്രദേശത്തുമുള്ള ഉദ്യോഗാർത്ഥികളും വിദ്യാർത്ഥികളുമായ ആയിരക്കണക്കിനു യുവജനങ്ങൾ സംഗമത്തിൽ പങ്കുചേർന്നു. ബൽത്തങ്ങാടി രൂപതാദ്ധ്യക്ഷൻ മാർ ലോറൻസ് മുക്കുഴി വി. കുർബ്ബാനയർപ്പിച്ച് സന്ദേശം നൽകി. സീറോ മലബാർ അല്മായ കമ്മീഷൻ കർണ്ണാടക റീജിയൻ കോ-ഓർഡിനേറ്റർ മി.കെ. പി. ചാക്കപ്പൻ മുഖ്യ പ്രഭാഷണം നടത്തി. സെന്റ്. അൽഫോൻസാ പള്ളി വികാരി ഫാ. സെബാസ്റ്റ്യൻ ചേലക്കാപ്പള്ളി, ബൽത്തങ്ങാടി രൂപതാ യൂത്ത് ഡയറക്ടർ ഫാ. ജോബി പുല്ലാട്ട്, സീറോ മലബാർ യൂത്ത് കോ- ഓർഡിനേറ്റർ ഫാ. സെബാസ്റ്റ്യൻ കൈപ്പൻപ്ലാക്കൽ, ഫാ. ജോസ് ആലഞ്ചേരി, ഫാ. ഫ്രാങ്ക്ളിൻ, സിസ്റ്റർ ഐസി ഡി.എസ്. എച്ച്. ജെ, സിസ്റ്റർ ജിൻസാ റോസ് സി.എം.സി,ബൽത്തങ്ങാടി രൂപതാസമിതി അംഗങ്ങൾ, ശ്രീ.ബിനു ജോസഫ്, നോയൽ സിറിയക്, സിസ്റ്റർ എമി ടോം എസ്.എ.ബി.എസ്, പ്രോഗ്രാം കോ- ഓർഡിനേറ്റർ മി. റ്റോബിൻ, ജിസ്, സിറിയക് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.



*സീറോ മലബാർ യുവജനസംഗമത്തിൽ ബാംഗ്ലൂർ ലെയ്റ്റി കോർഡിനേറ്റർ കെ.പി.ചാക്കപ്പൻ പ്രസംഗിക്കുന്നു*

# മാർ ജോർജ് ആലഞ്ചേരിക്ക് സിംഗപ്പൂർ മലയാളി ക്രൈസ്തവ കൂട്ടായ്മ ആശംസ നേർന്നു



കോട്ടയം: സിംഗപ്പൂരിലെ മലയാളി ക്രൈസ്തവ കൂട്ടായ്മ മേജർ ആർച്ച്ബിഷപ് നിയുക്ത കർദിനാൾ മാർ ജോർജ് ആലഞ്ചേരിക്ക് ആശംസാ ഫലകം സമ്മാനിച്ചു. സീറോ മലബാർ, സിഎസ്ഐ, യാക്കോബായ, മാർത്തോമ്മ, ഓർത്തഡോക്സ് ക്രൈസ്തവ വിഭാഗങ്ങൾ സംയുക്തമായാണ് മേജർ ആർച്ച്ബിഷപ്പിന് ആശംസ നേർന്നത്. സിംഗപ്പൂർ സീറോ മലബാർ കൂട്ടായ്മയുടെ പ്രസിഡന്റ് സേവ്യർ ആറുപറയുടെ നേതൃത്വത്തിലുള്ള സംഘം ചേർത്തല ഗ്രീൻഗാർഡൻസിലെത്തി മേജർ ആർച്ച്ബിഷപ്പിന് ആശംസാ ഫലകം കൈമാറി.

# *Sharia court asks govt to take over Christian schools*



Jammu & Kashmir: A self-styled sharia court in Jammu and Kashmir has asked the state government to take over the management of the Christian missionary schools and monitor their activities. The decree also asked three Christian priests to leave the state for "luring Muslims in the valley toward Christianity." It asked the renowned Kashmiri educationists to form a part of the management of Christian schools.

The court also directed the school management to allot a class for Islamia studies as well for the students of other faiths. "Given the Muslim majority character of the valley, the Muslim students should be taught Islam and daily prayer written by Syed Mohammad Iqbal

> *"Given the Muslim majority character of the valley, the Muslim students should be taught Islam and daily prayer written by Syed Mohammad Iqbal should also be sung in the morning prayers".*

should also be sung in the morning prayers,". It comes in the wake of accusations against Christian priests, including pastor M C Khanna of All Saints Church, of indulging in conversion activities in the valley.

Besides pastor Khanna, others who have been asked leave the state include Dutch national Jim Borst and Gayoor Messah, said Naib Mufti Nasir. Meanwhile, the All India Christian Council had expressed apprehensions that the community members may face a backlash after the decree.

(Courtesy)

# Seminar on Church Archives



The seminar was inaugurated by Major Archbishop Mar George Alenchery, at a meeting presided over by Archbishop Mar Andrews Thazhath, the Chairman of the Liturgical Research Centre. The seminar is organized by the Liturgical Research Centre of the Syro-Malabar Church.Inaugurating the workshop, the Major Archbishop pointed out the importance of historical records for tracing the heritage of the Syro-Malabar Church. The workshop is led by Dr Enrico Flaiani, Vatican Archivist, Bishop Jose Porunnedom and Fr Ignatius Payyappilly, who are all experts in Church archives. Topics include history and general notions of archives, archival materials and archiving methods both traditional and modern. Vatican Archive is presented as a model archive. There are about 140 participants in this two day workshop. Participants include Vicar Generals and Chancellors of the Syro-Malabar dioceses in Kerala, Secretaries of various religious congregations of men and women. The goal of the workshop is to create more awareness about the importance of keeping records and teach methods of archiving and using archived materials.

## സിസ്റ്റർ റോസ് കയത്തിൻകരയ്ക്കു മേഘാലയ സർക്കാരിന്റെ അംഗീകാരം.

ഷില്ലോംഗ്: മലയാളി കന്യാസ്ത്രീക്ക് മേഘാലയ സർക്കാരിന്റെ അംഗീകാരം. സാമൂഹ്യസേവന രംഗത്തെ പ്രവർത്തനമികവിനുള്ള പാടോഗൻ സംഗ്മ അവാർഡാണ് മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ് സന്യാസസമൂഹാഗമായ സിസ്റ്റർ റോസ് കയത്തിൻകരയ്ക്കു ലഭിച്ചത്. റിപ്പബ്ലിക്ദിനാഘോഷത്തോടനുബന്ധിച്ചു നടന്ന ചടങ്ങിൽ പുരസ്കാരം സമ്മാനിച്ചു. ബഹുമതിപത്രവും അമ്പതിനായിരം രൂപയും അടങ്ങുന്നതാണ് അവാർഡ്.

മേഘാലയത്തിലെ ഗാരോഹിൽസിലെ ജനങ്ങളുടെ ഇടയിൽ കഴിഞ്ഞ 34 വർഷമായി നടത്തുന്ന സാമൂഹ്യസേവനപ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് ഈ പുരസ്കാരം. സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് ആയിരക്കണക്കിനു ഗ്രാമീണരെ പട്ടിണിയിൽ നിന്നും അനാഥത്വത്തിൽനിന്നും കരകയറ്റാൻ സിസ്റ്ററിന്റെ പ്രവർത്തനങ്ങൾ സഹായകമായി എന്ന് പ്രശസ്തിപത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഗാരോ ഹിൽസിലെ പാവപ്പെട്ടവരുടെ സാമൂഹികവും സാമ്പത്തികവുമായ ഉയർച്ചയ്ക്ക് മെൻഡിപതാർ വിവിധോദ്ദേശ്യ സഹകരണസംഘങ്ങളിലൂടെ സാധിച്ചു. വയോജന വിദ്യാഭ്യാസരംഗത്തും സിസ്റ്റർ റോസ് നിസ്തുല സേവനമാണ് കാഴ്ചവച്ചത്. അറക്കുളം കയത്തിൻകര പരേതരായ തോമസ് ഫ്രാൻസിസിന്റെയും ഏലിക്കുട്ടിയുടെയും പുത്രിയാണ്. ദീപിക പത്രാധിപരായിരുന്ന ഫാ. കൊളംബിയർ സിഎംഐയുടെ സഹോദര പുത്രിയാണ് സിസ്റ്റർ റോസ്.

## Christian woman in Pakistan escapes Muslim captor after ten-year ordeal



Pakistan: A young Christian woman in Pakistan who was kidnapped, forcibly converted to Islam and married to her Muslim abductor has escaped after more than ten years in captivity. Nadia Naira was aged 15 when she was seized at gunpoint by a Muslim man on 11 February 2001, from Mariamabad village in the district of Sheikhupura, Punjab province.

She said: After two days of my kidnapping, [he] without my consent and at gunpoint forcibly converted me into Islam and I was given a Muslim name as Ayesha. Later he forcibly conducted a Muslim Nikha (marriage) and again he did not bother to ask for my free will.

Nadia's parents immediately reported the incident to the police, but though officers registered a case against the accused, they refused to arrest him. The family then took the matter before the Lahore High Court.

Nadia was threatened by her "husband" that if she made a statement against him, he would kill both her and her parents. Fearing for their safety, Nadia told the judge that she had not been kidnapped and had embraced both Islam and her husband of her own free will.

Thus Nadia was cut off from her family and trapped with the man, who already had a wife and ten children. He became violent towards her and a drug addict. She gave birth to five of his children, now aged between nine years and six months old.

On 30 November 2011, Nadia eventually managed to escape and went back to her parents. Her husband, along with six accomplices, came and demanded she be returned to him. They threatened the family with death and also that they would kidnap Nadia's younger sisters if she was not returned.

The distressed family sought help on 16 January from CLAAS, a Pakistani Christian legal organisation supported by Barnabas Fund, who immediately provided shelter for Nadia and one of her younger sisters. They also filed a criminal case against her husband and his accomplices.

The abduction, forced conversion and marriage of Christian girls is an all too common scenario in Pakistan; it is estimated that there are over 700 cases of abduction and forced marriage of Christian girls to Muslim men every year. The violations are often carried out by influential Muslim families, who threaten and severely beat the young girls to frighten them into compliance. The authorities rarely take action, and often the young girls never return to their families unless they manage to escape their captors.

(Courtesy)

LAITY VOICE
Syro Malabar Major Archiepiscopal Church
Commission for Laity



# സഭയുടെ ഏഴു കൂദാശകൾ

**കഴിഞ്ഞ ലക്കം തുടർച്ച.......**

## അദ്ധ്യായം രണ്ട്

### രോഗീലേപനം

*രോഗികളോട് യേശു കാട്ടിയ സഹാനുഭൂതിയ്ക്ക് എന്തു പ്രാധാന്യമുണ്ട്?*

യേശുവിനു രോഗികളോടുള്ള സഹാനുഭൂതിയും അവിടുന്നു നൽകിയ നിരവധി രോഗശാന്തിയും തന്നിലൂടെ ദൈവരാജ്യം വന്നിരിക്കുന്നു എന്നതിനും അങ്ങനെ പാപം, സഹനം, മരണം എന്നിവയുടെമേൽ താൻ വിജയിച്ചിരിക്കുന്നു എന്നതിനുള്ള വ്യക്തമായ അടയാളമാണ്. ക്രിസ്തുവിന്റെ പീഡാസഹനവും മരണവും വഴി സഹനത്തിന് പുതുയൊരു അർത്ഥം നൽകി. അത് അവിടുത്തെ സഹനത്തോട് ഐക്യപ്പെട്ടതായിരിക്കുമ്പോൾ നമുക്കും മറ്റുള്ളവർക്കും ശുദ്ധീകരണത്തിനും രക്ഷയ്ക്കും ഉപാധിയായിത്തീരുന്നു.

*രോഗികളോട് സഭ എങ്ങനെ വർത്തിക്കുന്നു?*

രോഗികളെ സുഖപ്പെടുത്തുവാനുള്ള കൽപന സഭ കർത്താവിൽ നിന്നു സ്വീകരിച്ചിരിക്കുന്നു. അതിനാൽ രോഗികളെ ശുശ്രൂഷിച്ചുകൊണ്ടും മദ്ധ്യസ്ഥ പ്രാർത്ഥനയിലൂടെ അവരെ അനുധാവനം ചെയ്തുകൊണ്ടും സഭ അതു നിർവഹിക്കുവാൻ പരിശ്രമിക്കുന്നു. സർവ്വോപരി, രോഗികളുടെ ആശ്വാസത്തിനായി ഒരു സവിശേഷ കൂദാശ സഭയ്ക്കുണ്ട്. ക്രിസ്തു തന്നെ സ്ഥാപിച്ചതും വി.യാക്കോബ് സാക്ഷ്യപ്പെടുത്തുന്നതുമാണ് ഈ കൂദാശ:“നിങ്ങളിൽ ആരെങ്കിലും രോഗിയായിട്ടുണ്ടോ? എങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിയ്ക്കട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ തൈലാഭിഷേകം ചെയ്ത് അവനുവേണ്ടി പ്രാർത്ഥിക്കട്ടെ” (യാക്കോ.5:14-15)

*രോഗീലേപന കൂദാശ ആർക്കു സ്വീകരിക്കാം?*

രോഗമോ വാർധക്യമോ മൂലം ആരെങ്കിലും മരണാസന്നാവസ്ഥയിലയ്ക്കു കടക്കാനാരംഭിച്ചാൽ, ആ വ്യക്തിക്ക് ഈ കൂദാശ സ്വീകരിക്കാം. ഒരിക്കൽ ഈ കൂദാശ സ്വീകരിച്ച വ്യക്തിക്ക് രോഗാവസ്ഥ വർദ്ധിക്കുകയോ ഗൗരവമുള്ള മറ്റൊരു രോഗം ബാധിക്കുകയോ ചെയ്യുമ്പോൾ ഈ കൂദാശ വീണ്ടും സ്വീകരിക്കാവുന്നതാണ്. സാധിക്കുന്നിടത്തോളം രോഗിയുടെ വ്യക്തിപരമായ കുമ്പസാരത്തിനു ശേഷമാണ് ഈ കൂദാശയുടെ ആഘോഷം നടക്കേണ്ടത്.

*രോഗീലേപന കൂദാശ ആർക്കു സ്വീകരിക്കാം?*

രോഗമോ വാർധക്യമോ മൂലം ആരെങ്കിലും മരണാസന്നാവസ്ഥയിലയ്ക്കു കടക്കാനാരംഭിച്ചാൽ, ആ വ്യക്തിക്ക് ഈ കൂദാശ സ്വീകരിക്കാം. ഒരിക്കൽ ഈ കൂദാശ സ്വീകരിച്ച വ്യക്തിക്ക് രോഗാവസ്ഥ വർദ്ധിക്കുകയോ ഗൗരവമുള്ള മറ്റൊരു രോഗം ബാധിക്കുകയോ ചെയ്യുമ്പോൾ ഈ കൂദാശ വീണ്ടും സ്വീകരിക്കാവുന്നതാണ്. സാധിക്കുന്നിടത്തോളം രോഗിയുടെ വ്യക്തിപരമായ കുമ്പസാരത്തിനു ശേഷമാണ് ഈ കൂദാശയുടെ ആഘോഷം നടക്കേണ്ടത്.

*ഈ കൂദാശ ആരു പരികർമ്മം ചെയ്യുന്നു?*

ഈ കൂദാശ പുരോഹിതർക്കു (മെത്രാനോ വൈദികനോ) മാത്രമെ പരികർമ്മം ചെയ്യാനാവൂ.

*ഈ കൂദാശ എങ്ങനെ ആഘോഷിക്കുന്നു?*

രോഗിയുടെ നെറ്റിയിലും കൈകളിലും (റോമൻ റീത്തിൽ, മറ്റു റീത്തുകളിൽ, ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലും), സാധ്യമെങ്കിൽ മെത്രാൻ തന്നെ ആശീർവദിച്ച തൈലം കൊണ്ടുള്ള അഭിഷേകമാണ് ഈ കൂദാശയുടെ ആഘോഷത്തിന്റെ മുഖ്യഭാഗം. ഇതോടൊപ്പം ഈ കൂദാശയുടെ സവിശേഷ കൃപാവരം അഭ്യർത്ഥിച്ചുകൊണ്ട് പുരോഹിതൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

*ഈ കൂദാശയുടെ ഫലങ്ങളേവ?*

ഈ കൂദാശ ഒരു പ്രത്യേക കൃപാവരം പ്രധാനം ചെയ്യുന്നു. അത് രോഗിയെ ക്രിസ്തുവിന്റെ പീഡാനുഭവത്തോടു ഗാഢമായി ചേർക്കുന്നു; അവന്റെയും സഭ മുഴുവന്റെയും നന്മയ്ക്കായി ഭവിക്കുന്നു; സമാശ്വാസം, സമാധാനം, ധൈര്യം എന്നിവ പ്രധാനം ചെയ്യുന്നു; രോഗിക്ക് അനുതാപ കൂദാശയിലൂടെ പാപമോചനം നേടാൻ സാധിച്ചിട്ടില്ലെങ്കിൽ പാപങ്ങളുടെ മോചനവും സാധിക്കുന്നു. ഈ കൂദാശയിലൂടെ പലപ്പോഴും- ദൈവഹിതം അതാണെങ്കിൽ-ശാരീരികാരോഗ്യത്തിന്റെ വീണ്ടെടുക്കൽ പോലും സാധിക്കുന്നു. എങ്ങനെയായാലും ഈ അഭിഷേകം പിതാവിന്റെ ഭവനത്തിലേയ്ക്കുള്ള കടന്നുപോകലിന് രോഗിയെ ഒരുക്കുന്നു.

*എന്താണ് തിരുപ്പാഥേയം?*

ഭൗമികജീവിതത്തിനുശേഷം നിത്യ ജീവനിലേയ്ക്കു കടക്കാൻ ഒരുങ്ങുന്നവർ സ്വീകരിക്കുന്ന വി.കുർബാനയാണിത്. ഈ ലോകത്തിൽ നിന്നും പിതാവിന്റെ സമീപത്തേയ്ക്കുള്ള കടന്നുപോകലിൽ സ്വീകരിക്കുന്ന മരിച്ചുത്ഥാനം ചെയ്ത ക്രിസ്തുവിന്റെ തിരുശരീരരക്തങ്ങൾ നിത്യജീവന്റെ വിത്തും ഉത്ഥാനത്തിന്റെ ശക്തിയുമാണ്.

(തുടരും)

Mount St. Thomas, Kakkanad, Kochi 682 021
Correspondence: Pastoral Centre, P.B.No 22, Kanjirapally-686 007, Kottayam Dt. Kerala
Ph: +91 4828 203080, 9447355512, 0484 2424768, Fax: 04828 206022
Chief Editor: Adv. V. C. Sebastian, Secretary, Commission for laity
e-mail: laitycommission@gmail.com, syromalabarchurchlaity@gmail.com
Website: www.laitycommission.com

LAYOUT: SHAIJU CHACKO